പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

പീപ്പിൾസ് റിവ്യൂ
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

2024 ഫെബ്രുവരി 28 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# കേരളത്തിലെ 'ഡ്രൈ ഡേ' മാറ്റാൻ നിർദ്ദേശം


തിരുവനന്തപുരം: സംസ്ഥാനത്ത് എല്ലാമാസവും ഒന്നാം തീയ്യതിയുള്ള 'ഡ്രൈ ഡേ' മാറ്റണമെന്ന് സെക്രട്ടറി തല കമ്മറ്റിയുടെ ശുപാർശ. ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലാണ് നിർദേശം. എല്ലാ മാസവും ഒന്നാം തീയ്യതി മദ്യശാല തുറന്നാൽ 15,000 കോടിയുടെ വരുമാന വർധനയുണ്ടാകുമെന്നാണ് വിലയിരുത്തൽ.

വരുമാന വർധന ചർച്ച ചെയ്യാൻ തിങ്കളാഴ്ച വിളിച്ചു ചേർത്ത യോഗമാണ് ഇങ്ങനെയൊരു നിർദേശം മുന്നോട്ടുവച്ചിരിക്കുന്നത്. വില കുറഞ്ഞ-വീര്യം കുറഞ്ഞ മദ്യത്തിൻറെ വിൽപന, മദ്യ ഉത്പാദനം പ്രോത്സാഹിപ്പിച്ച് കയറ്റുമതിയിലേക്ക് കൂടുതലായി കടക്കുന്ന കാര്യങ്ങളും യോഗത്തിൽ ചർച്ചയായി. പുതിയ മദ്യനയം വരുന്നതിന് മുന്നോടിയായാണ് യോഗം നടന്നത്.

# മുല്ലൂർ ശാന്തകുമാരി വധക്കേസിൽ 3 പ്രതികൾക്കും വധശിക്ഷ

തിരുവനന്തപുരം: വിഴിഞ്ഞം ശാന്തകുമാരി വധക്കേസിൽ മൂന്നു പ്രതികൾക്കും വധശിക്ഷ. സ്വർണാഭരണം മോഷ്ടിച്ച ശേഷം ശാന്തകുമാരിയെ കൊലപ്പെടുത്തി മച്ചിന് മുകളിൽ സൂക്ഷിച്ച പ്രതികൾക്കാണ് വധശിക്ഷ. വിഴിഞ്ഞം സ്വദേശിയായ റഫീക്ക, മകൻ ഷെഫീഖ്, സഹായിയായ അൽ -അമീൻ എന്നിവർക്കാണ് നെയ്യാറ്റിൻകര സെഷൻസ് കോടതി വധശിക്ഷ വിധിച്ചത്. 14വയസ്സുകാരിയെ തലക്കടിച്ച് കൊന്ന മറ്റൊരു കേസിലും അമ്മയും മകനും വിചാരണ നേരിടുകയാണ്.

വിഴിഞ്ഞം സ്വദേശിയായ 74 വയസ്സുകാരി ശാന്തകുമാരിയുടെ വീട്ടിൽ വാടകക്ക് താമസിച്ചവരാണ് പ്രതികൾ. ശാന്തകുമാരി തൊട്ടടുത്തുള്ള വീട്ടിൽ ഒറ്റക്കായിരുന്നു താമസം. വൃദ്ധയുടെ ശരീരത്തിലുണ്ടായിരുന്ന ആഭരണങ്ങൾ കവരാൻ പ്രതികൾ ആസൂത്രണം നടത്തി. 2022 ജനുവരി 14നാണ് പ്രതികൾ ശാന്തകുമാരിയുടെ തലക്കടിച്ച് കൊലപ്പെടുത്തിയത്. മൃതദേഹം വീട്ടിൻെറ മച്ചിന് മുകളിൽ വച്ച ശേഷം പ്രതികൾ രക്ഷപ്പെടുകയായിരുന്നു.കൊലപാതകം ചെയ്യുന്നതിന് ദിവസങ്ങൾക്ക് മുമ്പ് റഫീക്കയുടെ സുഹൃത്തും ഈ വീട്ടിലെ താമസക്കാരനുമായിരുന്നു അൽ-അമിൻെറ പാലക്കാടുള്ള വീട്ടിലേക്ക് വസ്ത്രങ്ങളെല്ലാം മാറ്റിയിരുന്നു. ശാന്തകുമാരിയെ റഫീക്കയാണ് വീട്ടിനുള്ളിലേക്ക് വിളിച്ചുവരുത്തിയത്. മകൻ ഷെഫീക്ക് ചുറ്റിക കൊണ്ട് തലക്കടിച്ചു. കഴുത്തു ഞെരിച്ച് മരണം ഉറപ്പാക്കിയ ശേഷമാണ്



മൃതദേഹം ഒളിപ്പിച്ചത്. ശാന്തകുമാരിയെ കാണാതായതിനെ തുടർന്നാണ് അന്വേഷണം നാട്ടുകാർ തുടങ്ങിയത്.വാടകക്കാരെയും കാണാതായതോടെ സംശയം ബലപ്പെട്ടു. ടൂറിസ്റ്റ് ബസ്സിൽ രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ പ്രതികളെ കഴക്കൂട്ടത്ത് വച്ച് വിഴിഞ്ഞം പൊലിസ് പിടികൂടി. ഈ കേസിൽ പ്രതികളെ ചോദ്യം ചെയ്തപ്പോഴാണ് മറ്റൊരു വീട്ടിൽ വാടകക്ക് താമസിക്കുമ്പോൾ 14 വയസ്സുകാരിയെയും തലക്കടിച്ച് കൊലപ്പെടുത്തിയ കാര്യം പ്രതികൾ വെളിപ്പെടുത്തുന്നത്. കോവളം പൊലീസെടുത്ത കേസ് തെളിയിക്കപ്പെടാതെ കിടക്കുകയായിരുന്നു.ശാന്തകുമാരിയെ കൊലപ്പെടുത്തിയ ഇതേ ചുറ്റിക കൊണ്ടാണ് പെൺകുട്ടിയെയും കൊലപ്പെടുത്തിയത്. ഒരു ദയയും അർഹിക്കാത്ത കുറ്റകൃത്യമാണ് പ്രതികൾ ചെയ്തതെന്ന് നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി വിലയിരുത്തി. പ്രതികൾക്കെതിരെ ചുമത്തിയ കൊലപാതകം, മോഷണം, ഭവനഭേദനം, ഗൂഡാലോചന, തെളിവു നശിപ്പിക്കൽ, എന്നിവയെല്ലാം സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞു. ശാന്തകുമാരിയുടെ ശരീരത്തിൽ നിന്നും മോഷ്ടിച്ച സ്വർണാഭരണങ്ങളിൽ കുറച്ച് വിറ്റ ശേഷമാണ് പ്രതികൾ രക്ഷപ്പെട്ടത്. ഈ തൊണ്ടിമുതലുകളെല്ലാം കണ്ടെത്തിയിരുന്നു,

# ഫലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിച്ച് നോർവെയും അയർലൻഡും സ്പെയിനും

ഫലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിച്ച് നോർവെയും അയർലൻഡും സ്പെയിനും. മിഡിൽ ഈസ്റ്റിൽ സമാധാനം പുന:സ്ഥാപിക്കാൻ ഫലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കലണ് ഏക മാർഗമെന്നും യൂറോപ്യൻ രാജ്യങ്ങളായ നേർവെയും അയർലൻഡും സ്പെയിനും പറഞ്ഞു. അയർലൻഡ് പ്രധാനമന്ത്രി സൈമൺ ഹാരിസ്, സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ്, . നോർവേ പ്രധാനമന്ത്രി ജോനാസ് ഗഹർ സ്റ്റോർ എന്നിവരാണ് ഇസ്രായേലിന്റെ പ്രതിഷേധത്തെയും മുന്നറിയിപ്പുകളെയും അവഗണിച്ച് ഫലസ്തീനെ രാഷ്ട്രമായി അംഗീകരിച്ചത്.



തങ്ങളുടെ രാജ്യങ്ങൾ 'മിഡിൽ ഈസ്റ്റിൽ സമാധാനമുണ്ടാകാൻ ആഗ്രഹിക്കുന്നു. അതിനുള്ള ഏകപരിഹാരമാർഗം ഫലസ്തീനെ ഒരു രാഷ്ട്രമായി ഔദ്യോഗികമായി അംഗീകരിക്കലാണ്. അത്തരമൊരു നടപടിയിലൂടെ അല്ലാതെ മേഖലയിൽ സമാധാനം ഉണ്ടാകില്ലെന്ന് നോർവേയുടെ പ്രധാനമന്ത്രി ജോനാസ് ഗഹർ സ്റ്റോർ ബുധനാഴ്ച പറഞ്ഞു.

നോർവേയുടെ പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെ അയർലൻഡ് പ്രധാനമന്ത്രി സൈമൺ ഹാരിസ് തന്റെ രാജ്യവും ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുമെന്ന് പ്രഖ്യാപിച്ചത്. ഇന്ന് അയർലൻഡ്, നോർവേ, സ്പെയിൻ എന്നീ രാജ്യങ്ങൾ പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുന്നതായി പ്രഖ്യാപിക്കുന്നു, ആ തീരുമാനം പ്രാബല്യത്തിൽ വരുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളെല്ലാം നമ്മൾ ഓരോരുത്തരും ഇപ്പോൾ ഏറ്റെടുക്കും.' ഹാരിസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.


# വോട്ടിങ് മെഷീൻ നിലത്തെറിഞ്ഞു;ആന്ധ്ര എം.എൽ.എക്കെതിരെ അന്വേഷണം ആരംഭിച്ച് തെര.കമ്മീഷൻ

ഹൈദരാബാദ്: പോളിങ് ബൂത്തിലെത്തി വോട്ടിങ് യന്ത്രം നശിപ്പിച്ച ആന്ധ്രാപ്രദേശ് എംഎൽഎ പി.രാമകൃഷ്ണ റെഡ്ഡിക്കെതിരെ കർശന നടപടിയെടുക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. ഇ.വി.എം നശിച്ച സംഭവം ഗൗരവമായി കാണുന്നുവെന്നും എം.എൽ.എക്കെതിരെ അന്വേഷണം ആരംഭിച്ചതായും ചീഫ് ഇലക്ടറൽ ഓഫീസർ മുകേഷ് കുമാർ മീണ അറിയിച്ചു.

മെയ് 13 ന് നടന്ന തെരഞ്ഞെടുപ്പിലാണ് ഭരണകക്ഷിയായ വൈഎസ്ആർ കോൺഗ്രസ് പാർട്ടിയുടെ എംഎൽഎ പി.രാമകൃഷ്ണ റെഡ്ഡി ഇവിഎം മെഷീൻ നിലത്തെറിഞ്ഞ് തകർത്തത്. ഇതിന്റെ വീഡിയോ കഴിഞ്ഞദിവസം സോഷ്യൽ മീഡിയയിൽ വൈറലാകുകയും ചെയ്തു. ഇതിന് പിന്നാലെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ അന്വേഷണം പ്രഖ്യാപിച്ചത്. ഇതിന്റെ വീഡിയോകൾ സംസ്ഥാന പൊലീസ് മേധാവിക്ക് കൈമാറിയതായും അന്വേഷണം നടത്താൻ ഉത്തരവിട്ടതായും കമ്മീഷൻ അറിയിച്ചു.മച്ചാർള മണ്ഡലത്തിലെ പോളിങ് സ്റ്റേഷനിലാണ് എം.എൽ.എ ഇ.വി.എം തകർത്തത്. പരിവാരങ്ങളുമായി എത്തിയ എം.എൽ.എ ഇവിഎം നിലത്തെറിഞ്ഞ് തകർക്കുന്നതും വീഡിയോയിൽ കാണാം. ഇതിനിടെ എം.എൽ.എയുടെ കൂട്ടത്തിലൊരാൾ പോളിങ് ബൂത്തിലെ ഉദ്യോഗസ്ഥനെ അടിക്കുന്നതും വീഡിയോയിലുണ്ട്.തെരഞ്ഞെടുപ്പിൽ തോൽക്കുമെന്ന് ഭയന്നാണ് മുഖ്യമന്ത്രി ജഗൻ മോഹൻ റെഡ്ഡിയുടെ പാർട്ടി എംഎൽഎ ഇവിഎമ്മുകൾ നശിപ്പിച്ചതെന്ന് പ്രതിപക്ഷ നേതാവും തെലുങ്കു ദേശം പാർട്ടി ദേശീയ ജനറൽ സെക്രട്ടറിയുമായ നാരാ ലോകേഷ് ആരോപിച്ചു. എം.എൽ.എ ഇവിഎം തകർക്കുന്ന വീഡിയോ സോഷ്യൽമീഡിയയായ എക്സിൽ പങ്കുവെച്ചായിരുന്നു പ്രതിപക്ഷ നേതാവിന്റെ ആരോപണം.ആന്ധ്രാപ്രദേശിലെ 25 ലോക്സഭാ മണ്ഡലങ്ങളിലേക്കും 175 നിയമസഭാ സീറ്റുകളിലേക്കും മെയ് 13 നായിരുന്നു വോട്ടെടുപ്പ് നടന്നത്.

# പാലക്കാട് കമ്പിവേലിയിൽ കുടുങ്ങിയ പുലിയെ മയക്കുവെടിവെച്ചു പിടികൂടി

പാലക്കാട്: കൊല്ലങ്കോട് കമ്പിവേലിയിൽ കുടുങ്ങിയ പുലിയെ മമയക്കുവെടിവെച്ചു പിടികൂടി. ധോണിയിൽ നിന്നുള്ള വനം വകുപ്പ് ഡോക്ടർമാരുടെ പ്രത്യേക സംഘമെത്തിയാണ് മയക്കുവെടിവെച്ചത്. 10 മിനിറ്റിന് ശേഷം പുലിയെ പ്രത്യേക ഇരുമ്പ് കൂട്ടിലേക്ക് വനപാലകർ മാറ്റി. വാഴപ്പുഴ സ്വദേശി ഉണ്ണികൃഷ്ണന്റെ പറമ്പിലെ കമ്പിവേലിയിലാണ് പുലി കുടുങ്ങിയത്. തുടർന്ന് ക്യാമ്പിലേക്ക് കൊണ്ടു പോയ പുലിയുടെ ആരോഗ്യസ്ഥിതി പരിശോധിച്ച ശേഷം പറമ്പിക്കുളത്തെ വനത്തിൽ തുറന്നുവിടും.ഇന്ന് പുലർച്ചെയാണ് വാഴപ്പുഴ സ്വദേശി ഉണ്ണികൃഷ്ണന്റെ പറമ്പിൽ കമ്പിവേലിയിൽ പുലിയെ കു



ടുങ്ങിയ നിലയിൽ കണ്ടത്. നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് വനവകുപ്പ് സംഘം സ്ഥലത്തെത്തി. പ്രാഥമിക പരിശോധനയിൽ പുലി ആരോഗ്യവതിയാണെന്ന് തെളിഞ്ഞതോടെ മയക്കുവെടി വെക്കാനുള്ള നടപടികൾ ആരംഭിച്ചു.

ധോണിയിൽ നിന്നുള്ള വനംവകുപ്പിന്റെ ഡോക്ടർമാർ എത്തിയാണ് പുലിയെ മയക്കുവെടി വെച്ചത്. നാലു വയസ്സ് പ്രായമുള്ള പെൺ പുലിയാണ് കുടുങ്ങിയത്. അതേസമയം പ്രദേശത്ത് സ്ഥിരമായി പുലിയുടെ സാന്നിധ്യം ഉണ്ടെന്ന് നാട്ടുകാർ പറയുന്നു. ഒരു വർഷം മുൻപ് ഈ പ്രദേശത്തിന് സമീപം പുലി എത്തിയിരുന്നു. ഉണ്ണികൃഷ്ണന്റെ പറമ്പിൽ നിന്നും കുറച്ച് അകലെയാണ് വനമുള്ളത്. ഇവിടെ നിന്നും രാത്രി ജനവാസ മേഖലയിൽ എത്തിയ പുലി തിരികെ പോകുമ്പോൾ കമ്പിവേലിയിൽ കുടുങ്ങിയതാകാം എന്നാണ് നിഗമനം. വന്യജീവികൾ സ്ഥിരമായി എത്തുന്ന വിഷയത്തിൽ പരിഹാരം വേണമെന്ന ആവശ്യം നാട്ടുകാരും ഉന്നയിച്ചു.

# കുറഞ്ഞ സീറ്റുകളിൽ മത്സരിക്കുകയെന്നത് കോൺഗ്രസിൻറെ ബോധപൂർവമായ തീരുമാനം; ഖാർഗെ


ഡൽഹി: ഇൻഡ്യ സഖ്യത്തെ നിലനിർത്താനുള്ള തന്ത്രത്തിൻറെ ഭാഗമായിട്ടാണ് ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ബോധപൂർവം കുറഞ്ഞ സീറ്റുകളിൽ മത്സരിക്കാൻ തീരുമാനിച്ചതെന്നും ഒന്നിച്ചുചേർന്ന് ബി.ജെ.പി പരാജയപ്പെടുത്തുമെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. സഖ്യകക്ഷികളെ ഒരുമിച്ച് നിർത്താനാണ് ഈ വിട്ടുവീഴ്ച ചെയ്തതെന്നും ഖാർഗെ പിടിഐയോട് പറഞ്ഞു.

പ്രിയങ്ക ഗാന്ധിയെ പാർട്ടിയുടെ സ്വത്ത് എന്ന് വിശേഷിപ്പിച്ച ഖാർഗെ പ്രിയങ്ക കോൺഗ്രസിൻറെ താരപ്രചാരകയാണെന്നും കൂട്ടിച്ചേർത്തു. വയനാട്ടിലും റായ്ബറേലിയിലും വിജയിച്ചാൽ ഏത് സീറ്റിൽ നിന്നാണ് രാഹുൽ ഗാന്ധി വിട്ടുനിൽക്കേണ്ടി വരുന്നതെന്ന ചോദ്യത്തിന് അത് അദ്ദേഹമാണ് തീരുമാനിക്കേണ്ടതെന്നായിരുന്നു കോൺഗ്രസ് അധ്യക്ഷൻറെ മറുപടി. സമാന ചിന്താഗതിക്കാരായ മറ്റ് പാർട്ടികളുമായി കൂടിയാലോചന നടത്തിയ ശേഷം എല്ലാ സംസ്ഥാനങ്ങളിലും സഖ്യമുണ്ടാക്കാൻ കോൺഗ്രസ് ഒരു കമ്മിറ്റി രൂപീകരിച്ചതായി അദ്ദേഹം അറിയിച്ചു. 'പാർട്ടി ഹൈക്കമാൻഡ് ഈ തന്ത്രം അംഗീകരിച്ചു. എല്ലാ സംസ്ഥാനങ്ങളിലും ഞങ്ങൾ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്,' അദ്ദേഹം പറഞ്ഞു. ഇൻഡ്യ സഖ്യത്തിലെ മറ്റ് പാർട്ടികൾക്ക് 200-ലധികം സീറ്റുകൾ വിട്ടുകൊടുത്തുകൊണ്ട് കോൺഗ്രസ് 328 സീറ്റുകളിലാണ് മത്സരിക്കുന്നത്. കേരളം, ബംഗാൾ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പല സഖ്യകക്ഷികളും പരസ്പരം പോരടിക്കുന്നതിനെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. 'കേന്ദ്ര സർക്കാരിനെതിരെ പോരാടുന്നതിൽ അനൈക്യമില്ല. ചില സംസ്ഥാനങ്ങളിൽ രണ്ട് പാർട്ടികളും പ്രധാനമായതിനാൽ സംസ്ഥാനങ്ങളിൽ ഞങ്ങൾ പോരാടുകയാണ്, അല്ലാത്തപക്ഷം അത് ബി.ജെ.പിക്ക് ഗുണം ചെയ്യും.'എല്ലാ സംസ്ഥാനങ്ങളിലും വ്യത്യസ്തമായ സഖ്യമുണ്ടെന്നും എന്നാൽ തങ്ങൾ എല്ലാവരും ബി.ജെ.പിയുടെയും മോദിജിയുടെയും ആശയങ്ങൾക്കെതിരെയാണ് പോരാടുന്നതെന്നും പാർട്ടികൾ രാജ്യതാൽപര്യമുള്ള നല്ല ചിന്താഗതിയുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്നും ഖാർഗെ വിശദീകരിച്ചു.

'എനിക്ക് കർണാടകയിൽ കൃത്യമായ വിലയിരുത്തൽ നടത്താൻ കഴിയും. കാരണം എനിക്ക് സംസ്ഥാനത്തെ നന്നായി അറിയാം, എല്ലാ കാര്യങ്ങളും എനിക്കറിയാം. വ്യത്യസ്ത പ്രതികരണങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നു.ഞങ്ങൾ ബി.ജെ.പിയെ അധികാരത്തിൽ വരുന്നത് തടയും" ഖാർഗെ പറഞ്ഞു. എന്നാൽ ഇ.ഡിയുടെയും സി.ബി.ഐയുടെയും ആവശ്യമില്ലെന്നും അവ നിരോധിക്കണമെന്നും അഖിലേഷ് യാദവ് പറഞ്ഞതിനെക്കുറിച്ച് ഖാർഗെ കൃത്യമായ മറുപടി നൽകിയില്ല. "ഞങ്ങളുടെ സർക്കാർ വന്നാൽ, ഞങ്ങൾ എല്ലാ നിയമങ്ങളും പുനഃപരിശോധിക്കും, ആളുകളെ ഉപദ്രവിക്കാൻ എന്ത് ചെയ്താലും ഞങ്ങൾ അതിനെ എതിർക്കും.ബിജെപി തന്നെ തെളിവുകളും കേസുകളും സൃഷ്ടിച്ച് ആളുകളെ ജയിലിൽ അടയ്ക്കുകയാണ്,' അദ്ദേഹം ആരോപിച്ചു.

# മലപ്പുറത്ത് വീണ്ടും മഞ്ഞപ്പിത്ത മരണം; ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

മലപ്പുറം: മലപ്പുറം എടക്കരയിൽ മഞ്ഞപ്പിത്തം ബാധിച്ചു യുവാവ് മരിച്ചു. ചുങ്കത്തറ സ്വദേശി തെജിൻ സാൻ (22) ആണ് മരിച്ചത്. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. ഈ വർഷം ഒൻപത് പേരാണ് മലപ്പുറത്ത് വൈറൽ ഹെപറ്റൈറ്റിസ് ബാധിച്ചു മരിച്ചത്.സംസ്ഥാനത്ത് ഈ വർഷം ഇതുവരെ മഞ്ഞപ്പിത്തം സ്ഥിരീകരിച്ചത് 1,977 പേർക്കെന്ന് ആരോഗ്യവ



കുപ്പിൻറെ കണക്ക്. കഴിഞ്ഞ ഒരാഴ്ചക്കിടെ രോഗം സ്ഥിരീകരിച്ചവരാണ് ഭൂരിഭാഗവും. അസാധാരണമായ സാഹചര്യം ഇല്ലെന്ന് ആരോഗ്യ വകുപ്പ് വിലയിരുത്തുമ്പോഴും മഞ്ഞപ്പിത്തത്തിനൊപ്പം വൈറൽ പനിക്കും കോവിഡിനും ചികിത്സ തേടുന്നവരുടെ എണ്ണവും കൂടിയിട്ടുണ്ട്. ജനുവരി മുതൽ ഇത് വരെ മലപ്പുറം ജില്ലയിൽ 4000 പേർക്ക് മഞ്ഞപ്പിത്തം ബാധിച്ചെന്ന് മലപ്പുറം ഡി.എം.ഒ ഡോ.രേണുക അറിയിച്ചിരുന്നു.

# എൽദോസ് കുന്നപ്പിള്ളിക്കെതിരായ കേസിൽ കുറ്റപത്രം സമർപ്പിച്ചു; ബലാത്സംഗം

തിരുവനന്തപുരം:എൽദോസ് കുന്നപ്പിള്ളി എംഎൽഎക്ക് എതിരായ കേസിൽ കുറ്റപത്രം സമർപ്പിച്ചു. നെയ്യാറ്റിൻകര കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. ബലാത്സംഗം, വധശ്രമം എന്നിവയടക്കമുള്ള കുറ്റങ്ങൾ ചുമത്തിയിട്ടുണ്ട്. എൽദോസിനെ കൂടാതെ രണ്ട് സുഹൃത്തുക്കളും പ്രതികളാണ്.റനീഷ , സിപ്പി നൂറുദ്ദീൻ എന്നിവരെയാണ് പ്രതി ചേർത്തത്. പരാതി പിൻവലിക്കാൻ ഭീഷണിപ്പെടുത്തിയെന്നാണ് കുറ്റപത്രം

യുവതിയെ എം.എൽ.എ ഒന്നിലേറെ തവണ ബലാത്സംഗം ചെയ്തെന്ന് കുറ്റപത്രത്തിൽ പറയുന്നു.അടിമലത്തുറയിലെ റിസോർട്ടിൽ വെച്ചാണ് ആദ്യം ബലാത്സംഗം ചെയ്തത്. 2022 ജൂലൈ 04നായിരുന്നു ഈ സംഭവം. തൃക്കാക്കരയിലെ വീട്ടിലും കുന്നത്തുനാട്ടിലെ വീട്ടിലും വെച്ച് ബലാത്സംഗം ചെയ്തു. കോവളത്ത് വെച്ച് യുവതിയെ തള്ളിയിട്ട് കൊല്ലാൻ ശ്രമിച്ചു. എംഎൽഎ ബലാത്സംഗം ചെയ്തത് അഞ്ച് വർഷമായി പരിചയമുള്ള യുവതിയെയാണെന്നും കുറ്റപത്രത്തിൽ പറയുന്നു. തിരുവനന്തപുരം ജില്ലാ ക്രൈംബ്രാഞ്ചാണ് കുറ്റപത്രം സമർപ്പിച്ചത്.





# പാലക്കാട് ക്വാറിയിൽ വീണ് സഹോദരങ്ങളുടെ മക്കൾക്ക് ദാരുണാന്ത്യം

പാലക്കാട്: പാലക്കാട് ക്വാറിയിൽ കാൽ വഴുതി വീണ് സഹോദരങ്ങളുടെ മക്കൾക്ക് ദാരുണാന്ത്യം. പാലക്കാട് കല്ലടിക്കോട് കീരിപ്പാറ മുണ്ടുള്ളി ക്വാറിയിലാണ് കുട്ടികൾ മുങ്ങി മരിച്ചത്. ചെഞ്ചുരുളി കോണിക്കഴി സ്വദേശികളായ അഭയ് (21), മേഘജ് (18 ) എന്നിവരാണ് മരിച്ചത്. തിങ്കളാഴ്ച രാത്രി 10.30 നാണ് സംഭവം. മരിച്ച വിദ്യാർഥികളുടെ മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് മാറ്റി.വീടിനടുത്ത് ക്വാറിക്ക് അടുത്ത് കൂടെ നടന്നു പോകുന്നതിനിടയിൽ മേഘജ് കാൽ വഴുതി വീഴുകയും രക്ഷിക്കാൻ ശ്രമിച്ച അഭയ് ഒപ്പം വീഴുകയുമായിരുന്നെന്ന് പൊലീസ് പറ



ഞ്ഞു. ഇത് കണ്ട സമീപവാസി ഉടൻ പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. കോങ്ങാട് അഗ്നിശമന സേനയെത്തി തിരച്ചിൽ നടത്തി ആദ്യം മേഘജിന്റെയും പിന്നീട് അഭയിന്റെയും മൃതദേഹം കണ്ടെടുക്കുകയായിരുന്നു.

# പെരിയാറിലെ മത്സ്യക്കുരുതി; ചത്തമീനുകളുമായി മലിനീകരണ നിയന്ത്രണ ബോർഡിന് മുന്നിൽ പ്രതിഷേധിച്ച് മത്സ്യക്കർഷകർ

കൊച്ചി: പെരിയാറിൽ രാസമാലിന്യം കലർന്ന് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവത്തിൽ ഏലൂരിലെ മലിനീകരണ നിയന്ത്രണ ബോർഡിന് മുന്നിൽ പ്രതിഷേധവുമായി മത്സ്യക്കർഷകർ. ഉദ്യോഗസ്ഥരുടെ അനാസ്ഥക്കെതിരെ ചത്ത മീനുകളുമായി എത്തിയാണ് മത്സ്യക്കർഷകർ പ്രതിഷേധിക്കുന്നത്. ഓഫീസിന്റെ പരിസരത്തേക്ക് ചീഞ്ഞ മത്സ്യം പ്രതിഷേധക്കാർ വലിച്ചെറിഞ്ഞു. പ്രതിഷേധക്കാരും പൊലീസും തമ്മിൽ ഉന്തും തള്ളും വാക്കേറ്റവുമുണ്ടായി. വലിയ കുട്ടകളിലാണ് ചത്ത മീനുകളുമായി പ്രതിഷേധക്കാരെത്തിയത്. സമീപകാലത്തുണ്ടാകാത്ത വിധത്തിലായിരുന്നു ജനരോഷം. മത്സ്യങ്ങളെറിയാനുള്ള ശ്രമം പൊലീസ് ഇടപെട്ട് തടഞ്ഞെങ്കിലും വിജയിച്ചില്ല.

കോടികളുടെ നാശനഷ്ടമാണ് തങ്ങൾക്കുണ്ടായതെന്ന് മത്സ്യക്കർഷകർ ഒരേ ശബ്ദത്തിൽ പറയുന്നു. സർക്കാർ സ്ഥാപനങ്ങളുടെ അനാസ്ഥയാണ് ഈ ദുരന്തത്തിന് പിന്നിലെന്നും ഇവർ ചൂണ്ടിക്കാണിക്കുന്നു. ഇത്രയധികം നഷ്ടം ഇതുവരെ മത്സ്യക്കർഷകർക്ക് ഉണ്ടായിട്ടില്ലെന്നാണ് പ്രതിഷേധക്കാർ പറയുന്നത്.

പെരിയാറിൽ രാസമാലിന്യം ഒഴുക്കിയതിനെ തുടർന്ന് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവത്തിൽ പ്രാഥമിക കണക്കുമായി ഫിഷറീസ് വകുപ്പ് രംഗത്തെത്തിയിരുന്നു. 150ലേറെ മത്സ്യക്കൂടുകൾ പൂർണ്ണമായി നശിച്ചുപോയിട്ടുണ്ട്. സംഭവത്തെ തുടർന്ന് കോടികളുടെ നഷ്ടമാണ് മത്സ്യക്കർഷകർക്കുണ്ടായിരിക്കുന്നത്. വരാപ്പുഴ, ചേരാനെല്ലൂർ, കടമക്കുടി പഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ നഷ്ടമുണ്ടായിരിക്കുന്നത്. വരാപ്പുഴയിലാണ് ഏറ്റവും കൂടുതൽ മത്സ്യങ്ങൾ ചത്തത്. കൊച്ചി കോർപ്പറേഷൻ മേഖലയിലേക്കും വിഷപ്പുഴ ഒഴുകിയതായി ഫിഷറീസ് വകുപ്പ് റിപ്പോർട്ടിൽ പറയുന്നു.



# നീലഗിരിയിൽ കനത്തമഴ തുടരുന്നു; ഗൂഡല്ലൂരിൽ കോഴിക്കോട് റോഡിന്റെ പാർശ്വഭിത്തി തകർന്നു

ഗൂഡല്ലൂർ : നീലഗിരിയിൽ രണ്ടുദിവസമായി തുടരുന്ന കനത്തമഴയിൽ പലയിടത്തും വെള്ളംകയറി. കനത്തമഴ ജില്ലയിലുടനീളമുള്ള ഗതാഗതക്കുരുക്കിനും വിനോദസഞ്ചാരികളുടെ എണ്ണം കുറയാനും കാരണമായി. കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച ഓറഞ്ച് അലർട്ട് കാരണം നീലഗിരി ജില്ലാ ഭരണകൂടം നീലഗിരിയിലേക്കുള്ള യാത്രയിൽ ജാഗ്രതപാലിക്കാൻ വിനോദസഞ്ചാരികൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. യാത്ര അത്യാവശ്യമല്ലെങ്കിൽ വീടിനുള്ളിൽത്തന്നെ തുടരാൻ പ്രദേശവാസികൾക്ക് നിർദേശവും നൽകിയിട്ടുണ്ട്. ഗവൺമെന്റ് ബൊട്ടാണിക്കൽ ഗാർഡൻ, റോസ് ഗാർഡൻ എന്നിവിടങ്ങളിൽ പ്രതീക്ഷിച്ചതിലും സന്ദർശകർ കുറവായിരുന്നുവെന്ന് ഹോർട്ടികൾച്ചർ വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

ഗൂഡല്ലൂർ-കോഴിക്കോട് റോഡിൽ നാടുകാണിക്ക് സമീപം പാർശ്വഭിത്തി തകർന്നു. ദേവാലയിൽ കനത്തമഴയിൽ കൈതക്കൊല്ലിയിൽ തോട്ടിൽനിന്നും വെള്ളം കരയിലേക്ക് കയറി പ്രദേശം ഒറ്റപ്പെട്ടു.

ഗൂഡല്ലൂർ ടൗണിലുൾപ്പെടെ വൈദ്യുതബന്ധം പരക്കെ തകരാറിലായി. പാണ്ഡ്യാർ പുന്നമ്പുഴയിൽ ജലനിരപ്പുയർന്നു.

മഴക്കെടുതികൾ വിലയിരുത്താൻ ഗൂഡല്ലൂർ ആർ.ഡി.ഒ. സെന്തിൽകുമാറിന്റെ അധ്യക്ഷതയിൽ അവലോകനയോഗം ചേർന്നു. നിയോജകമണ്ഡലത്തിൽ രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കോർകമ്മിറ്റി രൂപവത്കരിച്ചു. ഊട്ടി ഭട്ടില്ലം റോഡിലെ താഴ്ന്നപ്രദേശത്ത് വെള്ളംകയറി റെയിൽപാത മുങ്ങി. ബോട്ട് ഹൗസിലേക്ക് ഇതുവഴിപോയ വിനോദസഞ്ചാരികളുടെ വാഹനങ്ങൾ വെള്ളക്കെട്ടിൽ അകപ്പെട്ടു. അഗ്നിരക്ഷാസേനാംഗങ്ങളെത്തിയാണ് ഇവരെ കടത്തിവിട്ടത്. വെള്ളക്കെട്ട് കാരണം ഊട്ടി ടൗണിലേക്കുള്ള ബസുകൾ ബേൺഹിൽ വഴി തിരിച്ചുവിട്ടു.

## തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം:

# ബാബാ രാംദേവ് കോഴിക്കോട്ട് ഹാജരാകാൻ കോടതി നിർദേശം



കോഴിക്കോട് പതഞ്ജലി ഉൽപന്നങ്ങളുടെ പേരിൽ നിയമവിരുദ്ധ പരസ്യങ്ങൾ നൽകിയെന്ന കേസിൽ ബാബാ രാംവ്, സഹായി ആചാര്യ ബാലകൃഷ്ണ എന്നിവർ കോഴിക്കോട് കോടതിയിൽ ഹാജരാകാൻ നിർദേശം. ജൂൺ മൂന്നിന് ഹാജരാകണമെന്നാണ് കോഴിക്കോട് നാലാം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ്.കേസിൽ ബാബാ രാംദേവ് രണ്ടും ആചാര്യ ബാലകൃഷ്ണ മൂന്നും പ്രതികളാണ്. ഒന്നാംപ്രതി പതഞ്ജലി ഗ്രൂപ്പിന്റെ മരുന്ന് നിർമാണ കമ്പനിയായ ദിവ്യ ഫാർമസിയാണ്. ഡ്രഗ്സ് ആൻഡ് മാജിക് റമഡീസ് (ഒബ്ജക്ഷനബിൾ അഡൈ്വർടൈസ്മെന്റ്) നിയമമനുസരിച്ച് തെറ്റിദ്ധാരണയുണ്ടാക്കുന്ന പരസ്യങ്ങൾ നൽകിയതിന് ഡ്രഗ് കൺട്രോൾ വിഭാഗമെടുത്ത കേസിലാണ് നടപടി. സംസ്ഥാനത്ത് വിവിധ ജില്ലകളിലെടുത്ത 29 കേസുകളിൽ ജില്ലയിലെ പത്രങ്ങളിൽ വന്ന പരസ്യം സംബന്ധിച്ചാണ് കോഴിക്കോട് കോടതിയിലെ കേസ്. ജനകീയ ആരോഗ്യപ്രവർത്തകനായ ഡോ. കെ.വി. ബാബു സംസ്ഥാന ഡ്രഗ് കൺട്രോളർക്ക് നൽകിയ പരാതിയിലാണ് കേസെടുത്തത്.

2023 സെപ്റ്റംബറിലാണ്ലൈംഗികാനുബന്ധ പ്രശ്നങ്ങൾക്കും വന്ധ്യതക്കും ശാസ്ത്രീയ പരിഹാരമാണെന്ന് അവകാശപ്പെട്ട് അഞ്ച് മരുന്നുകളുടെ പരസ്യം നൽകിയത് 54 രോഗങ്ങളുടെ മരുന്നുകൾക്ക് പരസ്യം പാടില്ലെന്നാണ് നിയമം. ഇതിന് വിരുദ്ധമായി പരസ്യം നൽകിയതായാണ് പരാതി. സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ജില്ല ഡ്രഗ്സസ് കൺട്രോൾ ഇൻസ്പക്ടറേറ്റുകൾക്ക് കൈമാറിയ പരാതിയിലാണ് നടപടി.

പതഞ്ജലി ഗ്രൂപ്പിനെതിരായ കേസിൽ രാജ്യത്ത് ആദ്യമായാണ് കോടതി സമൻസ് അയക്കുന്നത്. കോഴിക്കോട് അസി. ഡ്രഗ്സ് കൺട്രോളർ ഷാജി എം. വർഗീസ് രൂപവത്കരിച്ച സ്പെഷൽ സ്ക്വാഡ് കഴിഞ്ഞ ഏപ്രിലിൽ കോടതിയിൽ നൽകിയ കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി.

# യാത്രക്കാരിയുടെ മാല പൊട്ടിച്ച ശേഷം ബസ്സിൽ നിന്ന് ഇറങ്ങിയോടി: മോഷ്ടാവിനെ ഓടിച്ചിട്ട് പിടിച്ച് യുവതി

കോഴിക്കോട്: ബസ് യാത്രക്കാരിയുടെ സ്വർണമാല മോഷ്ടിച്ച ശേഷം ഇറങ്ങിയോടിയ തമിഴ്നാട് സ്വദേശിയെ ഓടിച്ചിട്ട് പിടിച്ച് സഹയാത്രിക. മുൻകായികതാരം കൂടിയായ തലക്കുളത്തൂർ എടക്കര സ്വദേശിനി താഴയൂരിങ്കൽ മിധു ശ്രീജിത്താണ് (34) മോഷ്ടാവിനെ അരക്കിലോമീറ്ററോളം ഓടിച്ചിട്ട് പിടിച്ചത്. കോഴിക്കോട് എരഞ്ഞിപ്പാലം ജങ്ഷനിലാണ് സംഭവമുണ്ടായത്. പടിയിലായ തമിഴ്നാട് മധുര മാരിയമ്മൻ കോവിൽ സ്വദേശിനി മാരിയമ്മയെ (45) പൊലീസിന് കൈമാറി.

എരഞ്ഞിപ്പാലത്തെ സ്വകാര്യ സ്ഥാപനത്തിൽ ജീവനക്കാരിയാണ് മിധു. രാവിലെ ജോലിക്കായി പോകുന്നതിനിടെയാണ് സംഭവമുണ്ടായത്. സ്റ്റോപ്പിൽ മിധു ഉൾപ്പടെയുള്ളവർ ഇറങ്ങിയതിനു പിന്നാലെ ബസിലുണ്ടായിരുന്ന ചേളന്നൂർ സ്വദേശിനി ജലജ മാല നഷ്ടപ്പെട്ടതായി ബഹളം വച്ചു. ഇതോടെ ആരും പോകരുതെന്ന് കളക്ടർ ആവശ്യപ്പെടുകയായിരുന്നു.

ബസിറങ്ങി ആൾക്കൂട്ടത്തിൽ നിൽക്കുകയായിരുന്ന മാരിയമ്മ ആ സമയത്തു ബസിനകത്തേക്കു തിരികെക്കയറി മാല താഴെയിട്ടു. അതു കണ്ടവർ ഒച്ചവച്ചതോടെ മാരിയമ്മ പിൻവാതിലിലൂടെ ഇറങ്ങി ഓടി. ഉടൻ മിധുവും പിന്നാലെ ഓടുകയായിരുന്നു. എരഞ്ഞിപ്പാലം ജംക്ഷനിലെത്തിയ മാരിയമ്മ അതുവഴി വന്ന ഓട്ടോയിലും ബസിലും കയറാൻ ശ്രമിച്ചെങ്കിലും മോഷ്ടാവാണെന്നു മിധു ഉറക്കെ വിളിച്ചു പറഞ്ഞു. അതോടെ എരഞ്ഞിപ്പാലം ജംക്ഷനിൽ നിന്നു മാരിയമ്മ കാരപ്പറമ്പ് ഭാഗത്തേക്ക് ഓടി. 400 മീറ്ററോളം പിന്നാലെ ഓടിയ മിധു ഒടുവിൽ ബലപ്രയോഗത്തിലൂടെ മാരിയമ്മയെ കീഴ്പ്പെടുത്തിയത്.

ഇതിനിടയിൽ മാരിയമ്മയുടെ ചുരിദാർ കീറിയെങ്കിലും നഗ്നത പുറത്തുകാണാതിരിക്കാൻ മിധു അവരെ പൊതിഞ്ഞുപിടിക്കുകയായിരുന്നു. ജങ്ഷനിലെ ട്രാഫിക് പൊലീസുകാരനും അതുവഴി വന്ന ഓട്ടോ തൊഴിലാളികളും മോഷ്ടാവിനെ തടഞ്ഞുവയ്ക്കാൻ സഹായിച്ചു.

# കോഴിക്കോട് വൻ ലഹരിമരുന്ന് വേട്ട; യുവാവ് അറസ്റ്റിൽ



കോഴിക്കോട് : ജില്ലയിൽ വീണ്ടും വൻ ലഹരിമരുന്ന് വേട്ട. കോഴിക്കോട് -വയനാട് ജില്ലകളിലെ ലഹരിമരുന്ന് മൊത്ത കച്ചവടക്കാരനെയാണ് പിടികൂടിയത്.വടകര റൂറൽ എസ്പിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് ഇയാളെ പിടികൂടിയത്. താമരശ്ശേരി അടിവാരം പഴയേടത്തു വീട്ടിൽ നൗഷാദ് ആണ് അറസ്റ്റിലായത്. പത്തു പാക്കറ്റിലായി സൂക്ഷിച്ച 152 ഗ്രാം എംഡിഎംഎയാണ് അടിവാരത്ത് വച്ച് ഇയാളിൽ നിന്ന് കണ്ടെടുത്തത്.കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ചെറുകിട വിൽപ്പനക്കാർക്ക് എം.ഡി എം എ നൽകാൻ പോകുമ്പോൾ ആണ് അറസ്റ്റിലായത്. സ്റ്റേഷനറി സാധനങ്ങളുടെ ഹോൾസെയിൽ എജൻസി നടത്തുന്നതിന്റെ മറവിലാണ് നൗഷാദിന്റെ ലഹരി കച്ചവടം. ഇന്നലെ കോഴിക്കോട് നഗര പരിധിയിൽ നിന്ന് ഇന്നലെ 750 ഗ്രാം എംഡിഎംഎ പിടികൂടിയിരുന്നു.




# പ്രവാസി റിവ്യൂ മാഗസിൻ 11ാം വാർഷിക ലോഗോ പ്രകാശനം ചെയ്തു

കോഴിക്കോട്: പ്രവാസി റിവ്യൂ മാഗസിൻ 11ാം വാർഷികാഘോഷ ലോഗോ പ്രശസ്ത സാഹിത്യ കാരൻ യുകെ കുമാരൻ ദർശനം സാംസ്കാരിക വേദി ജനറൽ സെക്രട്ടറി പ്രസിഡന്റ് എംഎ ജോൺസന് നൽകി പ്രകാശനം ചെയ്തു.

പ്രവാസി റിവ്യൂ, പീപ്പിൾസ് റിവ്യൂ ചീഫ് എഡിറ്റർ പി.ടി നിസാർ അധ്യക്ഷത വഹിച്ചു.

സാഹിത്യകാരൻ ഉസ്മാൻ ഒഞ്ചിയം, ഓർഗനൈസേഷൻ ഓഫ് സ്മോൾ ന്യൂസ് പേപ്പർ സൊസൈറ്റി പ്രസിഡന്റ് രാമദാസ് വേങ്ങേരി, ആൾ ഇന്ത്യ കൺസ്യൂമർ പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ സംസ്ഥാന ജന.സെക്രട്ടറി ആർ ജയന്ത് കുമാർ, എഴുത്തുകാരായ സരസ്വതി ബിജു, രാജൻ മാണിയാടത്ത് ആശംസകൾ നേർന്നു.

പീപ്പിൾസ് റിവ്യൂ ജനറൽ മാനേജർ പി.കെ ജയചന്ദ്രൻ സ്വാഗതവും മാനേജർ വേണുഗോപാൽ നന്ദിയും പറഞ്ഞു.

# അഗളിയിൽ വ്യൂ പോയിന്റ് കാണാനെത്തി മലയിൽ അകപ്പെട്ട യുവാക്കൾക്കെതിരെ കേസെടുത്തു



പാലക്കാട്: അട്ടപ്പാടി കണ്ടിയൂർ മണച്ചോല വന പ്രദേശത്ത് കുടുങ്ങിയ നാല് യുവാക്കൾക്കെതിരെ കേസെടുത്തു. കണ്ടിയൂർ മലയിൽ അനധികൃതമായി പ്രവേശിച്ചതിനാണ് കേസെടുത്തത്. ഇവരെ ഇന്ന് അട്ടപ്പാടി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും. മലപ്പുറം മേലാറ്റൂർ സ്വദേശികളായ അഷ്കർ, സൽമാൻ, സെഹാനുദ്ദീൻ, മഹേഷ് എന്നിവർക്കെതിരെയാണ് കേസെടുത്തത്. ഇന്നലെയാണ് മഞ്ഞച്ചോല വ്യൂ പോയിന്റ് കാണാനെത്തിയ നാല് യുവാക്കൾ കണ്ടിയൂർ മലയിൽ അനധികൃതമായി പ്രവേശിച്ചത്. മഴപെയ്ത് ഇരുട്ട് വന്നതോടെ ഇവർ വനത്തിൽ അകപ്പെടുകയായിരുന്നു.

അഗളി പൊലീസും ഫയർ ഫോഴ്സും ആർ.ആർ.ടി സംഘവും ചേർന്നാണ് യുവാക്കളെ രക്ഷിച്ചത്.

# ബി.ജെ.പിയിൽ പോകുമെന്ന് പ്രചാരണം; ഇ.പി ജയരാജന്റെ പരാതിയിൽ കേസെടുക്കാൻ കഴിയില്ലെന്ന് പൊലീസ്

തിരുവനന്തപുരം: ബി.ജെ.പയിൽ പോകുമെന്ന് പ്രചാരണം നടത്തിയതിനെതിരെ ഇ.പി ജയരാജൻ നൽകിയ പരാതിയിൽ കേസെടുക്കാൻ കഴിയില്ലെന്ന് പൊലീസ്. നേരിട്ട് കേസെടുക്കാനുള്ള മൊഴിയോ സാഹചര്യത്തെളിവോ ഇല്ല. കോടതി നിർദേശപ്രകാരമാണെങ്കിൽ കേസെടുക്കാം. രാഷ്ട്രീയ ഗൂഢാലോചന അന്വേഷിക്കാൻ കഴിയില്ലെന്നും പൊലീസ് വ്യക്തമാക്കി.

കെ. സുധാകരൻ, ശോഭാ സുരേന്ദ്രൻ, ടി.ജി നന്ദകുമാർ എന്നിവർക്കെതിരെ ആയിരുന്നു ജയരാജന്റെ പരാതി. ഡി.ജി.പക്ക് നൽകിയ പരാതി കഴക്കൂട്ടം അസി. കമ്മീഷണറാണ് അന്വേഷിച്ചത്. ബി.ജെ.പി കേരള പ്രഭാരി പ്രകാശ് ജാവഡേക്കറുമായി കൂടിക്കാഴ്ച നടത്തിയെന്നും ബി.ജെ.പിയിൽ ചേരാൻ സന്നദ്ധത അറിയിച്ചെന്നുമായിരുന്നു ശോഭാ സുരേന്ദ്രനും ദല്ലാൾ നന്ദകുമാറും വെളിപ്പെടുത്തിയത്.

എന്നാൽ ഇത് സംബന്ധിച്ച് തനിക്ക് യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്ന് ഇ.പി ജയരാജൻ പറഞ്ഞു. പരാതിക്കാരനായ തനിക്ക് ഡി.ജി.പിയുടെ ഭാഗത്തുനിന്ന് മറുപടി കിട്ടുമ്പോൾ തുടർനടപടി സ്വീകരിക്കും. തന്റെ പരാതിയിൽ ആരോപണ വിധേയരായ മൂന്നുപേർക്കുമെതിരെ വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ടെന്നും ഇ.പി ജയരാജൻ പറഞ്ഞു.

# ആറ് ട്രെയിനുകൾ കൂടി ഓട്ടം നിർത്തുന്നു

കണ്ണൂർ: തിരക്ക് കുറയ്ക്കാൻ തുടങ്ങിയ ആറ് പ്രത്യേക ട്രെയിനുകളുടെ സർവീസ് അവസാനിപ്പിക്കുന്നുവെന്ന് റെയിൽവെ. കേരളത്തിലൂടെ ഓടുന്ന നാല് പ്രതിവാര ട്രെയിനുകൾ ഇതിൽ ഉൾപ്പെടുന്നു. നടത്തിപ്പ്-സുരക്ഷ പ്രശ്നങ്ങൾ എന്നിചൂണ്ടിക്കാട്ടിയാണ് സർവീസ് അവസാനിപ്പിക്കുന്നതെന്ന് ഉത്തരവിൽ പറയുന്നു.

ശനിയാഴ്ചകളിൽ ഓടുന്ന മംഗളൂരു-കോയമ്പത്തൂർ-മംഗളൂരു പ്രതിവാര ട്രെയിൻ (06041/06042) ജൂൺ എട്ടു മുതൽ 29 വരെയുള്ള സർവീസാണ് നിർത്തിയത്. മേയ് 25, ജൂൺ ഒന്ന് സർവീസുകൾ നിലനിർത്തിയിട്ടുണ്ട്.

മംഗളൂരു-കോട്ടയം-മംഗളൂരു റൂട്ടിലെ പ്രത്യേക ട്രെയിൻ (06075/06076) റെയിൽവെ നേരത്തേ റദ്ദാക്കിയിരുന്നു. ഒരു സർവീസ് നടത്തിയ വണ്ടിയാണ് പൊടുന്നനെ നിർത്തിയത്. ഏപ്രിൽ 20 മുതൽ ജൂൺ ഒന്നുവരെയായിരുന്നു (ശനിയാഴ്ചകളിൽ) ട്രെയിൻ പ്രഖ്യാപിച്ചത്. ഏപ്രിൽ 20-ന് ഓടിക്കുകയും ചെയ്തു. അതേസമയം ജോലിഭാരം കുറയ്ക്കണമെന്നാവശ്യപ്പെട്ട് ജൂൺ ഒന്നു മുതൽ ദക്ഷിണ റെയിൽവെയിലെ ലോക്കോപൈലറ്റുമാർ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്.

## റദ്ദാക്കിയ ട്രെയിനുകൾ

മംഗളൂരു-കോയമ്പത്തൂർ എക്സ്പ്രസ് (ശനി)-06041- (ജൂൺ എട്ടുമുതൽ 29 വരെ).

കോയമ്പത്തൂർ-മംഗളൂരു എക്സ്പ്രസ് (ശനി)-06042- (ജൂൺ എട്ട്- 29).

കൊച്ചുവേളി-നിസാമുദ്ദീൻ എക്സ്പ്രസ് (വെള്ളി)-06071- (ജൂൺ ഏഴ്-28).

നിസാമുദ്ദീൻ-കൊച്ചുവേളി എക്സ്പ്രസ് (തിങ്കൾ)-06072- (ജൂൺ 10-ജൂലായ് ഒന്ന്).

ചെന്നൈ-വേളാങ്കണ്ണി (വെള്ളി, ഞായർ)-06037 (ജൂൺ 21-30).

വേളാങ്കണ്ണി-ചെന്നൈ (ശനി, തിങ്കൾ) 06038 (ജൂൺ 22-ജൂലായ് ഒന്ന്).

# സിപിഎം നേതാക്കൾക്കെതിരെ സ്ഫോടക വസ്തു എറിഞ്ഞ കേസിൽ ഒരാൾ അറസ്റ്റിൽ

കാസർകോട്: അമ്പലത്തറയിൽ സിപിഎം നേതാക്കൾക്കെതിരെ സ്ഫോടക വസ്തു എറിഞ്ഞ കേസിൽ ഒരാൾ അറസ്റ്റിൽ.

കണ്ണോത്ത് തട്ട് സ്വദേശി ഷമീർ ആണ് അറസ്റ്റിലായത്.. സംഭവത്തിൽ രണ്ട് പേർക്കെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്തി കേസെടുത്തിരുന്നു. പ്രതികൾ സിപിഎം പ്രവർത്തകർ അല്ലെന്നും സംഭവത്തിന് പിന്നിൽ ലഹരി സംഘങ്ങളാണെന്നുമാണ് സിപിഎമ്മിന്റെ വിശദീകരണം.

ഇന്നലെ രാത്രി ഏഴരയോടെയായിരുന്നു അമ്പലത്തറയിൽ സിപിഎം പ്രാദേശിക നേതാക്കൾക്കെതിരെ ആക്രമണം ഉണ്ടായത്.

കണ്ണോത്ത് തട്ടിൽ ഗൃഹ സന്ദർശനത്തിന് എത്തിയ ലോക്കൽ സെക്രട്ടറിമാരായ അനൂപ്, ബാബുരാജ്, ഡിവൈഎഫ്ഐ മേഖല സെക്രട്ടറി അരുൺ, ബാലകൃഷ്ണൻ എന്നിവർക്ക് നേരെ രതീഷ് സ്ഫോടകവസ്തു എറിയുകയായിരുന്നു.

നേതാക്കൾക്കെതിരെ രതീഷും ഷമീറും നടത്തിയ ആസൂത്രിത ആക്രമണമാണെന്നാണ് എഫ്ഐആറിൽ പറയുന്നത്. പ്രതിക്ക് പാർട്ടിയുമായി ബന്ധമില്ലെന്നും വ്യക്തിവൈരാഗ്യമാകാം ആക്രമണത്തിന് പിന്നിലെന്നുമാണ് സിപിഎമ്മിന്റെ വിശദീകരണം.

ആക്രമണത്തിൽ നാട്ടുകാരിയായ ആമിനയുടെ കണ്ണിന് പരുക്കേറ്റു. നേതാക്കൾ ഓടി മാറിയതിനാൽ പരുക്കേൽക്കാതെ രക്ഷപെട്ടു.




തിലകൻ അനുസ്മരണ സമിതിയുടെ സംസ്ഥാന ഏകാഭിനയ പ്രതിഭ പുരസ്കാരം എം ഉത്തരക്ക് നടന്മാരായ വിനോദ് കോവൂർ, വിജയൻ കാരന്തൂർ, ജയരാജ് കോഴിക്കോട് എന്നിവർ നൽകുന്നു. ജഗത് മയൻ ചന്ദ്രപുരി സമീപം.

# ഏകാഭിനയ പ്രതിഭ പുരസ്കാരം കൈമാറി

കോഴിക്കോട് : 'തിലകൻ അനുസ്മരണ സമിതി' സംസ്ഥാന തലത്തിൽ നടത്തിയ ഏകാഭിനയ പ്രതിഭ പുരസ്കാരം എം ഉത്തരക്ക് നടന്മാരായ വിനോദ് കോവൂർ, വിജയൻ കാരന്തൂർ, ജയരാജ് കോഴിക്കോട് എന്നിവർ സമ്മാനിച്ചു. വിനോദ് കോവൂർ പുരസ്കാര സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ജഗത് മയൻ ചന്ദ്രപുരി ചടങ്ങിൽ അധ്യക്ഷനായി. നടി വി പി അനുപമ, സംസ്ഥാന കോ ഓർഡിനേറ്റർ കമലാക്ഷൻ മാവില, എം രാജൻ, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് സ്റ്റെർവിൻ ഡിക്രൂസ്, വയനാട് ജില്ലാ പ്രസിഡന്റ് ലൂക്ക ഫ്രാൻസിസ്, സിന്ധു സൈമൺ, രാധാകൃഷ്ണൻ പൂവത്തിക്കൽ, പ്രസന്ന ഗോപാലൻ കൊട്ടാരക്കര, എം എസ് മെഹബൂബ്, ഷെറീന പാലോട് എന്നിവർ പ്രസംഗിച്ചു.

# മുംബൈയിൽ വിമാനം തട്ടി 39 ഫ്ളമിംഗോ പക്ഷികൾ ചത്തു

മുംബൈ: മുംബൈയിലെ ഘട്കോപ്പറിൽ എമിറേറ്റ്സ് വിമാനം തട്ടി 39 ഫ്ളമിംഗോ പക്ഷികൾ ചത്തു. വീടുകളുടെ മുറ്റത്തുൾപ്പെടെ പക്ഷികളുടെ ജഡങ്ങൾ ചിതറിക്കിടന്നു. പക്ഷികളുടെ ജഡങ്ങൾ പോസ്റ്റ്മോർട്ടത്തിന് അയച്ചിട്ടുണ്ട്.

വിവരം ലഭിച്ചയുടൻ ബ്രിഹൻ മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ (ബിഎംസി), എയർ ട്രാഫിക് കൺട്രോൾ (എടിസി), വനം വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള സംഘങ്ങൾ ഉടൻ സ്ഥലത്തെത്തി വിവരം ലഭിച്ചയുടൻ ബ്രിഹൻ മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ (ബിഎംസി), എയർ ട്രാഫിക് കൺട്രോൾ (എടിസി), വനം വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള സംഘങ്ങൾ ഉടൻ സ്ഥലത്തെത്തി. 39 ഫ്ളമിംഗോ പക്ഷികളുടെ കൂട്ടങ്ങൾ വിമാനത്തിൽ ഇടിക്കുകയായിരുന്നുവെന്ന് ബിഎംസി ഉദ്യോഗസ്ഥൻ പറഞ്ഞു.ഡിസംബർ മുതൽ മെയ് വരെ പ്രദേശത്ത് ഫ്ളമിംഗോ പക്ഷികൾ ധാരാളമുണ്ട്. വേലിയേറ്റ സമയത്താണ് ഈ പക്ഷികളെ കൂടുതലായി കാണാറുള്ളത്. പ്രത്യേകിച്ച് വേലിയേറ്റത്തിന് കുറച്ച് മണിക്കൂർ മുമ്പും ശേഷവും ഇവയെ കാണാൻ കഴിയും.

## 17കാരൻ ഓടിച്ച പോർഷെ കാറിടിച്ച് രണ്ട് പേർ മരിച്ച സംഭവം

# പിതാവും ബാറുടമകളും അറസ്റ്റിൽ





പൂനെ: 17കാരൻ മദ്യപിച്ച് അമിതവേ?ഗത്തിൽ ഓടിച്ച പോർഷെ കാറിടിച്ച് രണ്ട് പേർ മരിച്ച സംഭവത്തിൽ പ്രതിയായ കൗമാരക്കാരന്റെ പിതാവ് അറസ്റ്റിൽ. കാറിന്റെ ഉടമയും പ്രമുഖ ബിൽഡറും റിയൽ എസ്റ്റേറ്റ് ഡെവലപ്പറുമായ വിഷാൽ അ?ഗർവാളാണ് അറസ്റ്റിലായത്. മഹാരാഷ്ട്രയിലെ ഔറംഗബാദിലെ ഛത്രപതി സംഭാജിനഗർ പ്രദേശത്തു നിന്നാണ് പൂനെ പൊലീസ് ഇയാളെ അറസ്റ്റ് ചെയ്തത്.

ഇയാൾക്കൊപ്പം, കൗമാരക്കാരന് മദ്യം വിളമ്പിയ രണ്ട് ബാറുകളുടെ ഉടമകളും പിടിയിലായി. വിദ്യാർഥി ഓടിച്ച അത്യാഡംബര കാർ ബൈക്കിലിടിപ്പിച്ച് ടെക്കികളായ രണ്ട് പേർ മരിച്ച സംഭവത്തിൽ പിതാവിനും ബാറുടമകൾക്കുമെതിരെ കേസെടുത്തിരുന്നു. ജുവനൈൽ ജസ്റ്റിസ് ആക്ടിലെ സെക്ഷൻ 75, 77 എന്നിവ പ്രകാരമാണ് ഇവർക്കെതിരെ കേസെടുത്ത്. കേസെടുത്തതിന് പിന്നാലെ അ?ഗർവാൾ രക്ഷപെടാനുള്ള നീക്കമാരംഭിച്ചു.

പിടിക്കപ്പെടാതിരിക്കാൻ തന്റെ സ്ഥിരം കാറിൽ അഗർവാൾ ആദ്യം ഡ്രൈവർക്കൊപ്പം മുംബൈയിലേക്ക് പോയി. അതേസമയം അധികാരികളെ തെറ്റിദ്ധരിപ്പിക്കാൻ മറ്റൊരു കാർ ഗോവയിലേക്കും കോലാപ്പൂരിലേക്കും അയച്ചു. പ്രധാന ഫോൺ സ്വിച്ച് ഓഫ് ചെയ്യുകയും പൊലീസ് ട്രാക്ക് ചെയ്യുന്നത് ഒഴിവാക്കാൻ പുതിയ നമ്പർ ഉപയോഗിക്കുകയും ചെയ്തു. തുടർന്ന് മുംബൈയിൽ നിന്ന് സുഹൃത്തിന്റെ കാറിലായിരുന്നു പിന്നീടുള്ള യാത്ര.

ദൗണ്ടിലെ ഫാം ഹൗസും പൂനെയിലെ മറ്റു സ്ഥലങ്ങളും ഉൾപ്പെടെയുള്ള ഇടങ്ങളിലേക്ക് ഇയാൾ സഞ്ചരിച്ചിരുന്ന സുഹൃത്തിന്റെ കാറിന്റെ ജിപിഎസ് വഴിയാണ് പിന്നീടുള്ള നീക്കങ്ങൾ പൂനെ ക്രൈംബ്രാഞ്ച് സംഘം മനസിലാക്കിയത്. സിസിടിവി ദൃശ്യങ്ങളും ഇയാൾ കുടുംബത്തിന് അയച്ച സന്ദേശങ്ങളും സംഘം പരിശോധിച്ചു. ഒടുവിൽ, സാംഭാജിനഗറിലെ ഒരു ചെറിയ ലോഡ്ജിൽ ഒളിച്ചിരിക്കുന്നതായി കണ്ടെത്തുകയായിരുന്നു.കഴിഞ്ഞദിവസമാണ് 17കാരൻ ഓടിച്ച അത്യാഡംബര കാറിടിച്ച് ടെക്കികളായ യുവതിക്കും യുവാവിനും ജീവൻ നഷ്ടമായത്. ബൈക്ക് യാത്രികരായ അനീഷ് അവാധ്യ, അശ്വിനി കോഷ്ട എന്നിവരാണ് മരിച്ചത്. അപകടത്തിൽ ?ഗുരുതരമായി പരിക്കേറ്റ അശ്വിനി സംഭവസ്ഥലത്തും അവാധ്യ ആശുപത്രിയിൽ വച്ചുമാണ് മരിച്ചത്. പൂനെയിൽ ജോലി ചെയ്യുന്ന ഇരുവരും മധ്യപ്രദേശ് സ്വദേശികളും എൻജിനീയർമാരുമാണ്. പുലർച്ചെ 2.15നാണ് അപകടമുണ്ടായതെന്ന് ദൃക്സാക്ഷികൾ പറഞ്ഞിരുന്നു.

പ്ലസ്ടു വിജയം ആഘോഷിക്കാൻ കൗമാരക്കാരൻ സുഹൃത്തുക്കളോടൊപ്പം രാത്രി 9.30 മുതൽ 12 വരെ ആദ്യം കോസി ബാറിലും പിന്നീട് ബ്ലാക്ക് ബാറിലും പാർട്ടി നടത്തുകയായിരുന്നു. പാർട്ടി ഞായറാഴ്ച പുലർച്ചെ ഒരു മണി വരെ നീണ്ടു. തുടർന്ന് കാറുമെടുത്ത് പായുമ്പോഴായിരുന്നു അപകടം. മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ ഓടിച്ച പോർഷെ കാർ 24കാരായ അനീഷ് അവാധ്യയും അശ്വിനിയും സഞ്ചരിച്ച ബൈക്കിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ അശ്വിനി 20 അടി ഉയരത്തിലേക്കും അനീഷ് നിർത്തിയിട്ടിരുന്ന മറ്റൊരു കാറിനു മുകളിലേക്കും തെറിച്ചുപോയെന്നും ദൃക്സാക്ഷികൾ പറഞ്ഞു.

പോർഷെയിൽ മൂന്ന് പേരുണ്ടായിരുന്നുവെന്നും എന്നാൽ അപകട ശേഷം ഇവരിൽ ഒരാൾ ഓടി രക്ഷപ്പെട്ടതായും ദൃക്സാക്ഷികളിലൊരാൾ പറഞ്ഞു. കാറിലുണ്ടായിരുന്ന മൂന്ന് പേരും മദ്യപിച്ചിരുന്നതായും ദൃക്സാക്ഷികൾ വ്യക്തമാക്കി. സംഭവത്തിൽ ഐപിസി, മോട്ടോർ വെഹിക്കിൾ ആക്ട് എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരം അമിതവേഗം, അശ്രദ്ധ മൂലം മരണം ഉണ്ടാക്കുക തുടങ്ങിയ കുറ്റങ്ങൾ ചുമത്തി യെരവാഡ പൊലീസാണ് 17കാരനെതിരെ കേസ് രജിസ്റ്റർ ചെയ്തത്. തുടർന്ന് അറസ്റ്റ് ചെയ്തു.

എന്നാൽ, 14 മണിക്കൂറിനിടെ പ്രതിക്ക് ജുവനൈൽ കോടതി ജാമ്യം നൽകി. വിചിത്ര ഉപാധികളോടെയായിരുന്നു ജാമ്യം. അപകടങ്ങളെക്കുറിച്ച് ഉപന്യാസം എഴുതുക, 15 ദിവസം യെരവാഡയിലെ ട്രാഫിക് പൊലീസിനൊപ്പം നിൽക്കുക, മദ്യപാനം ഉപേക്ഷിക്കാൻ ചികിത്സ നേടുക, മാനസികാരോഗ്യ കൗൺസിലിങ്ങിന് വിധേയമാവുക എന്നിവയായിരുന്നു കൗമാരക്കാരന്റെ ജാമ്യ വ്യവസ്ഥകൾ. ജാമ്യം നിഷേധിക്കാൻ പര്യാപ്തമായ കുറ്റകൃത്യമല്ലെന്ന് കണ്ടെത്തിയാണ് കോടതി ജാമ്യം അനുവദിച്ചതെന്ന് പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞിരുന്നു.

സംഭവത്തിൽ പൊലീസിനെതിരെ ഗുരുതര ആരോപണം ഉയർന്നിട്ടുണ്ട്. അപകടമുണ്ടാക്കി പൊലീസ് സ്റ്റേഷനിലെത്തിച്ച 17കാരന് പിസയും ബർഗറും ബിരിയാണിയും വാങ്ങി നൽകിയെന്നാണ് ആരോപണം. രണ്ടുപേരെ കാറിടിച്ച് കൊലപ്പെടുത്തിയിട്ടും 14 മണിക്കൂറിനുള്ളിൽ കൗമാരക്കാരന് ജാമ്യം ലഭിച്ചതിൽ വലിയ വിമർശനം ഉയർന്നിരുന്നു. ഇതിന് പിന്നാലെയാണ് പൊലീസ് സ്റ്റേഷനിൽ വെച്ച് കൗമാരക്കാരന് ഭക്ഷണം പിസയും ബർഗറും വാങ്ങി നൽകിയെന്ന ആരോപണം പ്രതിപക്ഷനേതാക്കൾ ഉന്നയിച്ചത്.



## ഇബ്രാഹിം റഈസിക്കും വിദേശകാര്യമന്ത്രിക്കും ഇറാൻ വിടനൽകുന്നു; തെഹ്റാനിൽ ഇന്ന് വിലാപയാത്ര

തെഹ്റാൻ: ഹെലികോപ്റ്റർ അപകടത്തിൽ കൊല്ലപ്പെട്ട പ്രസിഡൻറ് ഇബ്രാഹിം റഈസിക്കും വിദേശകാര്യമന്ത്രിക്കും ഇറാൻ വിടനൽകുന്നു. മൃതദേഹങ്ങൾ വിലാപയാത്രയായി തെഹ്റാനിലെത്തിക്കും. നാളെ മസ്ഹദ് നഗരത്തിൽ നടക്കുന്ന സംസ്കാരത്തിൽ വിവിധ രാഷ്ട്രപ്രതിനിധികൾ പങ്കെടുക്കും. ഹെലികോപ്റ്റർ അപകടത്തെ കുറിച്ച് ഉന്നതതല അന്വേഷണം തുടരുകയാണ്.

പ്രിയപ്പെട്ട നേതാക്കളുടെ അപ്രതീക്ഷിത വിയോഗം സൃഷ്ടിച്ച ആഘാതം മറികടക്കാൻ കഴിയാതെ ഇറാനിയൻ ജനത. തബ്രീസ് പട്ടണത്തിൽ മൃതദേഹങ്ങളും വഹിച്ചുള്ള വിലാപയാത്രയിൽ ഇന്നലെ പതിനായിരങ്ങൾ സംബന്ധിച്ചു. ഇബ്രാഹിം റഈസിയുടെയും ഹുസൈൻ അമീറബ്ദുല്ലാഹിയൻറെയും മറ്റും മൃതദേഹങ്ങൾ വഹിച്ചുള്ള വിലാപയാത്രക്കിടെ പലരും വിങ്ങിപ്പൊട്ടി. തബ്രീസ് പട്ടണം ഒന്നാകെ ഇറാനിയൻ പതാകക്കൊപ്പം വിടവാങ്ങിയ ഇബ്രാഹിം റഈസിയുടെ കൂറ്റൻ ചിത്രങ്ങളും കൊണ്ട് നിറഞ്ഞിരുന്നു. രാജ്യത്തിനു വേണ്ടി രക്തസാക്ഷിത്വം വരിച്ച പ്രിയപ്പെട്ടവരെ ഇറാനും ജനതയും ഒരുകാലത്തും വിസ്മരിക്കില്ലെന്ന് ആഭ്യന്തര മന്ത്രി അഹ്മദ് വാഹിദി പറഞ്ഞു.

തബ്രീസിൽ നിന്ന് ഖുമ്മിൽ എത്തിച്ച മൃതദേഹങ്ങൾ വൈകീട്ട് തലസ്ഥാന നഗരിയായി തെഹ്റാനിലേക്ക് കൊണ്ടുപോകും. ലക്ഷങ്ങളാകും ഇവിടെയും വിലാപയാത്രയിൽ അണിനിരക്കുക. ഇറാൻ പരമോന്നത ആത്മീയ നേതാവ് ആയത്തുല്ല അലി ഖാംനഇ ഇവിടെ പ്രാർഥനാ ചടങ്ങുകൾക്ക് നേതൃത്വം വഹിക്കും. ഇബ്രാഹിം റഈസിയുടെ ജൻമദേശമായ മസ്ഹദ് നഗരത്തിലെ ഖബർസ്ഥാനിൽ നാളെയായിരിക്കും സംസ്?കാരം. ലോകത്തിൻറെ പല രാജ്യങ്ങളിൽ നിന്നായി നിരവധി പ്രമുഖർ സംസ്കാര ചടങ്ങിൽ പങ്കെടുക്കും.

റഷ്യൻ വിദേശകാര്യ മന്ത്രി, തുർക്കി പ്രസിഡൻറ്, ഇന്ത്യൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, ഗൾഫ് ഭരണാധികാരികൾ ഉൾപ്പെടെ നിരവധി പേർ സംസ്കാര ചടങ്ങിനെത്തും. അതിനിടെ, ഹെലികോപ്റ്റർ അപകടത്തെക്കുറിച്ചുള്ള ഉന്നതതല അന്വേഷണം ആരംഭിച്ചതായി ഇറാൻ. ഇറാനിയൻ സായുധ സേനാ മേധാവി മേജർ ജനറൽ മുഹമ്മദ് ബഗേരിയാണ് വിദഗ്ധർ ഉൾപ്പെട്ട സംഘത്തെ അന്വേഷണത്തിനായി നിയോഗിച്ചത്. റഷ്യ ഉൾപ്പെടെ പല രാജ്യങ്ങളും അന്വേഷണത്തിൽ സഹകരിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതിനിടെ, ഇറാൻ പ്രസിഡൻറ് ഇബ്രാഹിം റഈസി സഞ്ചരിച്ച ഹെലികോപ്റ്റർ അപകടത്തിൽപെട്ടപ്പോൾ ഇറാൻ സഹായം തേടിയിരുന്നതായും എന്നാൽ, സാങ്കേതിക പ്രശ്നങ്ങളാൽ അതിനായില്ലെന്നും വൈറ്റ്ഹൗസ്വക്താവ് മാത്യു മില്ലർ അറിയിച്ചു.

## യു. പിയിൽ ബിജെപിക്ക് ഒറ്റ സീറ്റേ കിട്ടൂ; വാക്സിൻ ജനങ്ങൾക്ക് ഭീഷണി: അഖിലേഷ് യാദവ്



ലഖ്നൗ: ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിൽ ബിജെപിക്ക് ഇക്കുറി ഒറ്റ സീറ്റ് മാത്രമേ ലഭിക്കൂവെന്ന് സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. വാരണാസിയല്ലാതെ മറ്റൊരു സീറ്റിലും അവർ വിജയിക്കില്ല. ഇൻഡ്യ മുന്നണിക്ക് യു.പിയിൽ നിന്ന് വൻ പിന്തുണയാണ് ലഭിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ലാൽ?ഗഞ്ച് എസ്.പി സ്ഥാനാർഥി ദരോ?ഗ പ്രസാദ് സരോജിന്റെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അഖിലേഷ് യാദവ്. ഇത്തവണ ബിജെപി എന്ത് തന്ത്രം പയറ്റിയാലും അവരെ തുടച്ചുനീക്കാൻ യു.പിയിലെ ജനങ്ങൾ മനസുവച്ചിരിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മണ്ഡലമായ വാരണാസിയെ 'ക്യോട്ടോ' എന്ന് വിശേഷിപ്പിച്ച അഖിലേഷ്, 'ഇപ്പോൾ വരുന്ന കണക്കുകളിലും വിവരങ്ങളിലും ബിജെപി ഒരു സീറ്റിൽ മാത്രമാണ് മത്സരിക്കുന്നത്, അതായത് ക്യോട്ടോ. ബാക്കി എല്ലാ സീറ്റുകളിലും ബിജെപി തോൽക്കും' എന്നും ചൂണ്ടിക്കാട്ടി.

ജപ്പാനിലെ 'ക്യോട്ടോ' പോലെ വാരണാസിയെ വിനോദ സഞ്ചാരത്തിന് പേരുകേട്ട നഗരമാക്കുമെന്ന് പ്രധാനമന്ത്രി മോദി ഉറപ്പുനൽകിയിരുന്നു. ഈ സാഹചര്യത്തിലാണ് അഖിലേഷിന്റെ വിശേഷണം. "തെരഞ്ഞെടുപ്പ് തുടങ്ങിയപ്പോൾ 'ഇക്കുറി 400 സീറ്റ്' എന്നതായിരുന്നു ബിജെപിയുടെ മുദ്രാവാക്യം. ഇപ്പോൾ ജനങ്ങൾ '400 തോൽവി' എന്നാണ് അവരോട് പറയുന്നത്. ബിജെപിക്ക് 140 സീറ്റ് പോലും ലഭിക്കില്ലെന്ന് ഇന്ത്യയിലെ 140 കോടി ജനങ്ങൾ ഉറപ്പുവരുത്തും".

''നിങ്ങൾ ബിജെപി നേതാക്കളുടെ പ്രസംഗങ്ങൾ കേട്ടിരിക്കണം. പഴയ കഥ തന്നെയാണ് അവർ പറയുന്നത്. ആരും അവരെ ശ്രദ്ധിക്കാൻ ആഗ്രഹിക്കുന്നില്ല. പിന്നാക്ക- ദലിത്- ന്യൂനപക്ഷ കുടുംബങ്ങൾ എൻഡിഎയെ പരാജയപ്പെടുത്തും"- അഖിലേഷ് പറഞ്ഞു. ബിജെപി കള്ളം പറയുകയാണെന്നും അവരുടെ എല്ലാ വാഗ്ദാനങ്ങളും പാഴ്വാക്കുകളാണെന്നും അഖിലേഷ് ആരോപിച്ചു.

കോവിഡ് വാക്സിൻ സംബന്ധിച്ചും അഖിലേഷ് ബിജെപിയെ കടന്നാക്രമിച്ചു. "വാക്സിൻ ജനങ്ങളുടെ ജീവന് ഭീഷണിയാണ്. നമുക്ക് വാക്സിൻ നൽകിയ കമ്പനികളിൽ നിന്ന് ബിജെപി കോടിക്കണക്കിന് രൂപയാണ് കൈപ്പറ്റിയത്"- അദ്ദേഹം കൂട്ടിച്ചേർത്തു. ലാൽഗഞ്ച് മണ്ഡലത്തിൽ മേയ് 25ന് നടക്കുന്ന ആറാം ഘട്ടത്തിലാണ് വോട്ടെടുപ്പ്.

പരിപാടിയിലേക്ക് അഖിലേഷ് എത്തിയതോടെ വൻ തിക്കും തിരക്കുമുണ്ടാവുകയും ലാത്തിച്ചാർജിലേക്ക് നയിക്കുകയും ചെയ്തിരുന്നു. ബാരിക്കേഡുകൾ മറികടന്ന് നിരവധി പാർട്ടി പ്രവർത്തകർ അഖിലേഷിന്റെ അരികിലേക്ക് അടുത്തു. സമാധാനമായിരിക്കാൻ നേതാക്കൾ അഭ്യർഥിച്ചെങ്കിലും ഫലമുണ്ടായില്ല. തിരക്ക് നിയന്ത്രണാതീതമായതോടെ പൊലീസ് ലാത്തി വീശുകയായിരുന്നു.

## മമതക്കെതിരെ അധിക്ഷേപ പരാമർശം; ബി. ജെ. പി സ്ഥാനാർത്ഥിക്ക് വിലക്കുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: മമത ബാനർജിക്കെതിരായ അധിക്ഷേപ പരാമർശത്തിൽ ബി.ജെ.പി സ്ഥാനാർത്ഥിക്ക് പ്രചരണ വിലക്കേർപ്പെടുത്തി തെരഞ്ഞെടുപ്പ് കമ്മീഷൻ. കൊൽക്കത്ത ഹൈക്കോടതി മുൻ ജഡ്ജി അഭിജിത് ഗംഗോപാധ്യക്കെതിരെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയെടുത്തത്.കൽക്കട്ട ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് അഭിജിത് ഗംഗോപാധ്യായ മാസങ്ങൾക്ക് മുമ്പാണ് സർവീസിൽനിന്നു രാജിവച്ച് ബി.ജെ.പിയിൽ ചേർന്നത്. പിന്നാലെ തംലൂക് മണ്ഡലത്തിലെ ബി.ജെ.പി സ്ഥാനാർഥിയായി അഭിജിത് ഗംഗോപാധ്യയെ പ്രഖ്യാപിക്കുകയും ചെയ്തു.24 മണിക്കൂർ നേരത്തേക്കാണ് തെര. കമ്മീഷൻ പ്രചാരണ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. ചൊവ്വാഴ്ച വൈകീട്ട് അഞ്ച് മണി മുതൽ 24 മണിക്കൂർ നേരത്തേക്കാണ് വിലക്ക്. മമത ബാനർജിക്കെതിരായ അധിക്ഷേപ പരാമർശത്തിൽ ബംഗാളിലെ ബിജെപി സ്ഥാനാർഥിപരാമർശത്തിന് പിന്നാലെ തൃണമൂൽ കോൺ?ഗ്രസ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിരുന്നു.പരാതിക്ക് പിന്നാലെ മെയ് 17ന് കമീഷൻ നേതാവിന് കാരണം കാണിക്കൽ നോട്ടീസയച്ചു. ഗംഗോപാധ്യ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിച്ചെന്ന് ചൂണ്ടിക്കാട്ടിയ കമ്മീഷൻ അദ്ദേഹത്തിന്റെ പരാമർശം വ്യക്തിഹത്യയാണെന്ന് വ്യക്തമാക്കിയിരുന്നു.

## വിദ്യാർത്ഥിനികളെ ഉപയോഗിച്ച് പെൺവാണിഭം: ഏഴു പേർ അറസ്റ്റിൽ

ചെന്നൈ: സ്കൂൾ വിദ്യാർത്ഥിനികളെ ഉപയോഗിച്ച് പെൺവാണിഭം നടത്തിയ ഏഴു പേർ അറസ്റ്റിൽ. സെക്സ് റാക്കറ്റ് നടത്തിപ്പുകാരിയായ സ്ത്രീയെയും കൂട്ടാളികളായ ആറു പേരെയുമാണ് ചെന്നൈ പൊലീസ് പിടികൂടിയത്. അറസ്റ്റിലായ മുഖ്യപ്രതി നാദിയ മകളുടെ കൂട്ടുകാരികളെയാണ് പെൺവാണിഭത്തിനായി ഉപയോഗിച്ചത്.

ബ്യൂട്ടീഷ്യൻ കോഴ്സ് പഠിപ്പിക്കാനെന്ന വ്യാജേനയാണ് മുഖ്യപ്രതിയായ നാദിയ മകളുടെ സഹപാഠികളുമായി സൗഹൃദത്തിലായത്. കുട്ടികളുടെ സാമ്പത്തിക പരാധീനത ചൂഷണം ചെയ്യുകയും 25,000 മുതൽ 35,000 രൂപ വരെ നൽകാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. തുടർന്ന് ഹൈദരാബാദ്, കോയമ്പത്തൂർ എന്നിവിടങ്ങളിൽ എത്തിച്ച് പ്രായമായ പുരുഷന്മാർക്ക് നൽകുകയായിരുന്നുവെന്ന് പൊലീസ് സൂചിപ്പിച്ചു.

രാജ്ഭവനു നേരെയുണ്ടായ പെട്രോൾ ബോംബ് ആക്രമണം അന്വേഷിക്കുന്ന എൻഐഎയിൽ നിന്നാണ് സെക്സ് റാക്കറ്റിനെക്കുറിച്ച് പൊലീസിന് വിവരം ലഭിക്കുന്നത്. പ്രതിയായ കടുക വിനോദിന്റെ കൂട്ടാളിയുടെ വസതിയിൽ നടത്തിയ റെയ്ഡിലാണ് നാദിയ വിനോദിന്റെ ഗേൾഫ്രണ്ട് ആണെന്ന് മനസ്സിലായത്. സെക്സ് റാക്കറ്റുമായി ബന്ധപ്പെട്ട ഡിജിറ്റൽ തെളിവുകളും എൻഐഎയ്ക്ക് ലഭിച്ചു.

തുടർന്ന് സംസ്ഥാന പൊലീസിനെ വിവരം അറിയിച്ചു. എസിപി രാജലക്ഷ്മിയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം ഒരു ലോഡ്ജിൽ റെയ്ഡ് നടത്തുകയും നാദിയയെ പിന്നീട് അറസ്റ്റ് ചെയ്യുകയും ചെയ്തു.

റെയ്ഡിൽ പിടികൂടിയ 17 വയസ്സുള്ള പെൺകുട്ടിയെയും 18 വയസ്സുള്ള പെൺകുട്ടിയെയും പൊലീസ് രക്ഷപ്പെടുത്തി.

### സിന്ദൂരം ശ്രീത്വമായ്

>>>>>>>>>>>>>>>>>

ഒഴുകും സംഗീതമേ നിൻ
കണ്ഠത്തിൻ സ്വരമാധുരി
ശ്രുതിയിൽ ലയിപ്പൂ , രാഗ
സുധാരസം മാലോകരും
ആസ്വദിപ്പൂ അവനിയിൽ.

നിലവിളക്ക് തെളിച്ചും
നിറപറ നിറച്ചും ഭക്തി
സാന്ദ്രമാം മനസ്സുനമിപ്പൂ
മാലയോഗം സന്തതിക്കും.

ഗജമുഖ സങ്കൽപ്പത്തിൽ
അവലും മലരും പഴവും
ശർക്കര കൽക്കണ്ടവും.
വിനയം ദക്ഷിണ വച്ചും

മംഗല്യ സദസ്സ് കൈവന്ന
യോഗം നവദമ്പതികളും
പുതുജീവിത സാഫല്യവും
മുഹൂർത്തമേറി വിവാഹം.

ചാരിതാർത്ഥമീ ജീവിതം
രക്ഷകർത്താക്കൾതൻ
പ്രാർത്ഥന സായൂജ്യമാം
സംസാരത്തിൻ ശ്രേഷ്ഠം.

ഏൽപ്പിച്ചു പിതൃരക്ഷയും
ഏറ്റുവാങ്ങി ഭർതൃരക്ഷയും
സീമന്തരേഖയിൽ സിന്ദൂരം
ശ്രീത്വമായ് സ്ത്രീക്കെന്നും.

**കെ. വിജയൻ നായർ,**
**മുംബൈ**

## സിംഗപ്പൂർ എയർലൈൻസ് ജീവനക്കാർക്ക് എട്ട് മാസത്തെ ശമ്പളം ബോണസായി നൽകും

സിംഗപ്പൂർ: ജീവനക്കാർക്ക് എട്ടുമാസത്തെ ശമ്പളം ബോണസായി നൽകാൻ തീരുമാനിച്ച് സിംഗപ്പൂർ എയർലൈൻസ്. 2023-2024 സാമ്പത്തിക വർഷത്തിൽ റെക്കോർഡ് വാർഷിക ലാഭം ലഭിച്ചതിന് ശേഷമാണ് ഈ തീരുമാനം. മേയ് 15ന് 1.98 ബില്യൺ ഡോളർ റെക്കോർഡ് അറ്റാദായം റിപ്പോർട്ട് ചെയ്തതിന് ശേഷമാണ് ബോണസ് പ്രഖ്യാപനം.

ആറര മാസത്തെ ശമ്പളം ബോണസും കൂടാതെ കോവിഡ് പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട പരിശ്രമങ്ങൾക്കായി ഒന്നര മാസത്തെ അധിക ശമ്പളവും ലഭിക്കും.കഴിഞ്ഞ വർഷത്തെ സ്കൈട്രാക്സ് വേൾഡ് എയർലൈൻ അവാർഡ് സിംഗപ്പൂർ വിമാനക്കമ്പനിയെ ലോകത്തിലെ ഏറ്റവും മികച്ച എയർലൈൻ ആയി തെരഞ്ഞെടുത്തിരുന്നു. ആറാം തവണയാണ് കമ്പനി ഈ നേട്ടം കരസ്ഥമാക്കുന്നത്. ജീവനക്കാരുടെ കഠിനാധ്വാനത്തിൻറെ ഫലമാണ് അവാർഡെന്ന് സിംഗപ്പൂർ എയർലൈൻസ് സിഇഒ ഗോഹ് ചൂൻ ഫോംഗ് പറഞ്ഞു. കോവിഡ് കാലത്ത് നിന്നും കൂടുതൽ ശക്തരായി ഉയർന്നുവരാൻ ടീമിൻറെ ആത്മവിശ്വാസം തങ്ങളെ സഹായിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, എമിറേറ്റ്സ് ഗ്രൂപ്പ് അടുത്തിടെ റെക്കോർഡ് ലാഭം പ്രഖ്യാപിക്കുകയും തൊഴിലാളികൾക്ക് 20 ആഴ്ചത്തെ ശമ്പളത്തിന് തുല്യമായ ബോണസ് നൽകുകയും ചെയ്തിരുന്നു.

## പി. വി. ആറിൽ സിനിമാ ടിക്കറ്റിനേക്കാൾ വിൽപനയിൽ കുതിക്കുന്നത് പോപ്കോണും പെപ്സിയും







മുംബൈ: തിയേറ്ററിൽ പോയി സിനിമകാണുന്നവരിൽ മിക്കവരും പോപ്കോണോ, കോഫിയോ, ഐസ്ക്രീമോ വാങ്ങി നുണയുന്നവരാണ്. അതിപ്പോൾ കുടുംബസമേതമോ സുഹൃത്തുക്കൾക്കൊപ്പമോ ആയാലും അതൊരു പതിവാണ്. ചിലപ്പോൾ കുട്ടികളുടെ വാശികൾക്ക് മുന്നിലും തിയറ്ററുകൾക്കുള്ളിലെ കഫ്റ്റീരിയകളിൽ നിന്ന് സ്നാക്സ് വാങ്ങേണ്ടിവരും. ഇത്തരം സ്നാക്സുകൾക്ക് പലതിനും പുറത്തുള്ളതിനെക്കാൾ ഇരട്ടിവിലയാണ് ഈടാക്കുന്നത്.അതുകൊണ്ട് തന്നെ സിനിമാ ടിക്കറ്റെടുക്കാൻ മുടക്കിയതിനേക്കാൾ ഇരട്ടിക്കാശ് സ്നാക്സുകൾക്കായി പോക്കറ്റിൽ നിന്ന് ചോരും. പലപ്പോഴും തിെ?യറ്ററുകൾക്കുള്ളിൽ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ ?കൊള്ളവിലയെ പറ്റി പരാതികൾ ഉയർന്നിട്ടുണ്ട്. ഒരു മാസത്തെ ഒ.ടി.ടി സബ്സ്ക്രിപ്ഷന് ചെലവഴിക്കുന്നതിനേക്കാൾ തുക? പോപ്കോണിന് നൽകണമെന്ന ഉപഭോക്താവിന്റെ ട്വീറ്റ് വൈറലായിരുന്നു.

അതിനിടയിലാണ് പ്രമുഖ തിയേറ്റർ ശൃംഖലയായ പി.വി.ആർ ഐനോക്സിൽ കഴിഞ്ഞ വർഷം സിനിമാടിക്കറ്റിനേക്കാൾ ഭക്ഷണസാധനങ്ങളുടെ വിൽപ്പനയാണ് നടന്നതെന്ന കണക്കുകൾ പുറത്തുവരുന്നത്. 2023-24 വർഷത്തിലെ കണക്കുകൾപ്രകാരം ഫുഡ് ആന്റ് ബിവറേജസ് (എഫ് ആന്റ് ബി ) വിൽപന 21 ശതമാനം ഉയർന്നുവെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ഈ സമയത്ത് 19 ശതമാനം വർധനവാണ് ടിക്കറ്റ് വിൽപ്പനയിലുണ്ടായത്.1958.4 കോടി രൂപയുടെ ഫുഡ് ആന്റ് ബിവറേജസ് ഉൽപ്പന്നങ്ങളാണ് കഴിഞ്ഞ വർഷം പി.വി.ആർ വിറ്റത്. 2022-23 സാമ്പത്തിക വർഷത്തിൽ 1618 കോടി രൂപയുടെ ഭക്ഷണസാധനങ്ങളാണ് വിറ്റഴിച്ചത്. ടിക്കറ്റ് വരുമാനത്തിലൂടെ ഈ വർഷം 3279.9 കോടി രൂപയാണ് നേടിയത്. കഴിഞ്ഞ വർഷം 2751.4 കോടി രൂപയുടെ ടിക്കറ്റ് വിൽപനയാണ് നടന്നത്. കഴിഞ്ഞ വർഷം ഹിറ്റ് സിനിമകൾ ഇല്ലാത്തതിനാലാണ് ഭക്ഷണസാധനങ്ങളുടെ വിൽപന വർധിച്ചതെന്ന് പി.വി.ആർ ഐനോക്സ് ചീഫ് ഫിനാൻഷ്യൽ ഓഫീസർ നിതിൻ സൂധ് പറഞ്ഞതായി മണികൺട്രോൾ റിപ്പോർട്ട് ചെയ്തു.

ചില നഗരങ്ങളിലെ തിയേറ്ററുകളിലെ ഫുഡ് കൗണ്ടറുകളിൽ നിന്ന് ഭക്ഷണം കഴിക്കാൻ സിനിമാടിക്കറ്റ് എടുക്കേണ്ടതില്ല, അതും ഭക്ഷണവിൽപ്പന വർധിക്കാൻ കാരണമായതായി പി.വി.ആർ അധികൃതർ വ്യക്തമാക്കി.

## ഇന്നത്തെ ചിന്താവിഷയം

>>>>>>>>>>>>>>>>>>>>>>>

## പ്രചോദനം എങ്ങനെ പ്രവർത്തിക്കുന്നു?

ഏതു മനുഷ്യരിലും പ്രചോദനം ഒരു വലിയ ഘടകമത്രെ. ഒരുവന്റെ പ്രവർത്തനങ്ങളേയും ചിന്തകളെയും അത് കാര്യമായി സ്വാധീനിക്കുന്നു. ഇത് ശിശു പ്രായം മുതൽ ബാല്യത്തിലും കൗമാരത്തിലും യൗവ്വനത്തിലും എന്തിനു വാർദ്ധക്യത്തിലും പ്രചോദനം സ്വാധീനിക്കുന്നു. നമ്മളിലെ നന്മതിന്മവാസനകളും അതിന്റെ ഭാഗമാണ്. തിരിച്ചറിവിനു മുമ്പും പിമ്പും ഒരോരുത്തരിലും വന്നു ചേരുന്നു. ശിശു പ്രായത്തിൽ അമ്മയാണെങ്കിൽ ബാല്യത്തിൽ അച്ഛനും കൗമാരത്തിൽ ഗുരുക്കന്മാരും അദ്ധ്യാപകരും യൗവ്വനത്താൽ കവി കഥാകൃത്ത് നോവലിസ്റ്റ് ലേഖനമെഴുതുന്നവർ നിരൂപകൾ കായികയഭ്യാസികൾ ശാസ്ത്രജ്ഞന്മാർ രാഷ്ട്രീയ നേതാക്കൾ അങ്ങനെ വലിയ നിരകൾ തന്നെ പ്രചോദനത്തിനു കണ്ടെത്താനാകുന്നു. നമ്മുടെ മനസ്സിനു ഇഷ്ടം സന്തോഷം ആനന്ദം മുതലായവകളിൽ നമ്മുടെ താൽപ്പര്യങ്ങൾ ഏറിയിരിക്കും. ഗുണമേന്മയും ശ്രേഷ്ഠതയും ഉള്ളതിൽ നാം സ്വയം ആകൃഷ്ടരാകുക പതിവാണ്. ചിലപ്പോൾ ഒരു സിനിമ മതി പ്രചോദനം ലഭിക്കാം. വാർദ്ധക്യത്തിലും നമ്മളിൽ പ്രചോദനം അനുഭവിക്കാറുണ്ട്. അത് ജീവിതം കൊണ്ട് നേടിയെടുത്ത അറിവിലും ബോധത്തിലും ജ്ഞാനത്തിലും ആയിരിക്കാം. മറിച്ചും വന്നു ചേരാം. അതായത് ആർക്കും പ്രചോദനകളില്ലാതെ ചേതനകളെ വളർത്താനാവില്ല. ഉണർത്താനാവില്ല. നല്ലതായാലും ചീത്തയായാലും കർമ്മഫലങ്ങളേ ഏറെ സ്വാധീനിക്കും. ഈ സ്വാധീനം ജീവിതത്തെ മാറി മറിക്കും. നമ്മുടെ ശത്രുവും മിത്രവും നമ്മൾ തന്നെ. വിവേചന തൽപ്പരർക്ക് ഏതു സ്വീകരിക്കണം ഏതു തള്ളണമെന്ന് തീരുമാനമെടുക്കാനാവുന്നു. തീരുമാനമെന്തുമാകട്ടെ ജീവിതം സത്യനിഷ്ഠതയിൽ അധിഷ്ഠിതമായിരിക്കുന്നം. എങ്കിലേ സഫലത വന്നു ചേരൂ. സഫലീകരണത്താൽ എത്തുമ്പോൾ ഒന്നു തിരിഞ്ഞു നോക്കുക നടന്നു വന്ന വഴികളെ ശ്രദ്ധിക്കുക, അവിടെ കാരുണ്യത്തിന്റെ ദയയുടെ ത്യാഗത്തിന്റെ സഹനത്തിന്റെ സ്നേഹത്തിന്റെ വാത്സല്യത്തിന്റെ കണികകൾ കാണാനാവുമെങ്കിൽ നിങ്ങൾ മനുഷ്യനായി ജീവിച്ചുവെന്നും പ്രചോദനങ്ങളെല്ലാം അതിനു സഹായിച്ചുവെന്നും അങ്ങനെ ജീവിതം ധന്യതയിൽ എത്തിയെന്നും തീരുമാനിക്കാനാവുന്നു. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.



**രചന :-**
**കെ.വിജയൻ നായർ**
**മുംബൈ**




# ഐപിഎൽ

# ഇന്ന് തീപാറും

## രാജസ്ഥാൻ X ആർ സി ബി

ഇന്ന് ഇന്ത്യൻ പ്രീമിയർ ലീഗിൽ എലിമിനേറ്ററിൽ രാജസ്ഥാൻ റോയൽസ് ആർ സി ബിയെ നേരിടും. ഇന്ന് അഹമ്മദാബാദിൽ നടക്കുന്ന മത്സരം പരാജയപ്പെടുന്നവർ ടൂർണമെന്റിൽ നിന്ന് പുറത്താകും. വിജയിക്കുന്നവർ ക്വാളിഫയർ തോറ്റു വരുന്ന സൺ റൈസേഴ്സ് ഹൈദരബാദിനെ നേരിടണം.

രാജസ്ഥാൻ റോയൽസ് ലീഗ് ഘട്ടത്തിൽ മൂന്നാമതും ആർ സി ബി നാലാമതും ആയിരുന്നു ഫിനിഷ് ചെയ്തത്.

രാജസ്ഥാൻ റോയൽസ് കളിച്ച അവസാന നാലു മത്സരവും പരാജയപ്പെട്ട് വളരെ മോശം ഫോമിലാണ് ഉള്ളത്. ആർ സി ബി ആകട്ടെ തുടർച്ചയായ ആറ് വിജയങ്ങളുമായി മികച്ച ഫോമിലാണ്. ആർ സി ബിയുടെ ഒരു വിധം താരങ്ങൾ എല്ലാം ഫോം കണ്ടെത്തി മികച്ച ആത്മവിശ്വാസത്തിൽ ആണുള്ളത്.രാജസ്ഥാൻ റോയൽസിൽ സഞ്ജു സാംസണും റിയാൻ പരാഗും മാത്രമാണ് ഈ സീസണിൽ കുറച്ചെങ്കിലും സ്ഥിരത പുലർത്തിയത്. ഓപ്പണർ ബട്‌ലർ ഇന്ന് അവർക്ക് ഒപ്പം ഇല്ല ജയ്സ്വാൾ ആണെങ്കിലും ഈ സീസണിൽ ആകെ ഒരു മത്സരത്തിൽ മാത്രമാണ് വലിയ ഇന്നിംഗ്സ് കളിച്ചത്.

ഇന്ന് രാത്രി 7.30ന് നടക്കുന്ന മത്സരം തത്സമയം സ്റ്റാർ സ്പോർട്സിലും ജിയോ സിനിമയിലും കാണാം.

# സൺറൈസേഴ്സിനെ എറിഞ്ഞൊതുക്കി, കൊൽക്കത്തയ്ക്ക് എട്ട് വിക്കറ്റ് ജയം

അഹമ്മദാബാദ്: സൺറൈസേഴ്സ് ഹൈദരാബാദിനെ അനായാസം തോൽപ്പിച്ച് ഐപിഎൽ കിരീട പോരാട്ടത്തിലേക്ക് ഒരടികൂടി വെച്ച് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്. അങ്ങനെ പതിനേഴാം സീസണിലെ ആദ്യ ഫൈനലിസ്റ്റായി കൊൽക്കത്ത കരുത്ത് തെളിയിച്ചു. എട്ടു വിക്കറ്റിനാണ് കൊൽക്കത്തയുടെ വിജയം. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന ഒന്നാം ക്വാളിഫയറിൽ ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഹൈദരാബാദ് നിശ്ചിത 20 ഓവറിൽ 159 റൺസിന് പുറത്തായി. എന്നാൽ 13.4 ഓവറിൽ തന്നെ കൊൽക്കത്ത ലക്ഷ്യം മറികടന്നു (164/2). സ്റ്റേഡിയത്തിൽ ആളിക്കത്താൻ ബാറ്റ് വീശി തുടങ്ങിയ സൺറൈസേഴ്സിനെ പക്ഷെ കൊൽക്കത്തയുടെ മിച്ചൽ സ്റ്റാർക്ക് ആദ്യ രണ്ടോവറിൽ തന്നെ വലിഞ്ഞു മുറുക്കി. ആദ്യ ഓവറിൽ ട്രാവിസ് ഹെഡിനെയും രണ്ടാം ഓവറിൽ നിതീഷ് റെഡ്ഢിയെയും മടക്കി പവർപ്ലേയിൽ തന്നെ കൊൽക്കത്തയ്ക്ക് ബ്രേക്ക്ത്രൂ നൽകി. അർധസെഞ്ചറികളുമായി പടനയിച്ച വെങ്കടേഷ് അയ്യർ

ശ്രേയസ് അയ്യർ സഖ്യമാണ് ഒന്നാം ക്വാളിഫയറിൽ കൊൽക്കത്തയ്ക്ക് അനായാസ വിജയം സമ്മാനിച്ചത്. പിരിയാത്ത മൂന്നാം വിക്കറ്റിൽ ഇരുവരും കൂട്ടിച്ചേർത്ത അർധസെഞ്ചറി കൂട്ടുകെട്ടും വിജയം അനായാസമാക്കി. വെറും 44 പന്തിൽ നിന്ന് ഇരുവരും കൂട്ടിച്ചേർത്തത് 97 റൺസാണ്. ക്യാപ്റ്റൻ പാറ്റ് കമിൻസെറിഞ്ഞ രണ്ടാം ഓവറിൽ തന്നെ കൊൽക്കത്തയുടെ പ്രഹരമുണ്ടായി. റഹ്മാനുള്ള ഗുർബാസും സുനിൽ നരെയ്നും ചേർന്ന് 20 റൺസാണ് കമിൻസിന്റെ ഓവറിൽ നേടിയത്. മൂന്നോവറിൽ ടീം 44 റൺസെടുത്തു. നാലാം ഓവറിൽ ഗുർബാസ് (12 പന്തിൽ 23) മടങ്ങിയെങ്കിലും കൊൽക്കത്തയെ ബാധിച്ചില്ല. പവർ പ്ലേയിൽ ഒരു വിക്കറ്റ് മാത്രം നഷ്ടത്തിൽ 63 റൺസാണ് നേടിയത്. കമിൻസ് എറിഞ്ഞ ഓവറിൽ സുനിൽ നരെയ്നും (16 പന്തിൽ 21) പുറത്തായി. ടീം സ്കോർ 67-ൽ നിൽക്കേയായിരുന്നു ഇത്. തുടർന്ന് വെങ്കടേഷ് അയ്യരും ക്യാപ്റ്റൻ ശ്രേയസ് അയ്യരും ചേർന്ന് ടീമിനെ മുന്നോട്ടുനയിച്ചു. ശ്രേയസ് 24 പന്തിൽ 58 റൺസ് നേടിയപ്പോൾ, വെങ്കടേഷ് 28 പന്തിൽ 51 റൺസ് നേടി. ടീമിനെ ജയിപ്പിച്ചാണ് ഇരുവരും ക്രീസ് വിട്ടത്. ഇരുവരുടെയും ഇന്നിങ്സിൽ നാലുവീതം സിക്സും അഞ്ചുവീതം ബൗണ്ടറിയുമാണുള്ളത്.പവർപ്ലേയ്ക്ക് ശേഷം ഒരോവറിൽ പോലും 11-ൽ കുറഞ്ഞ റൺസ് വന്നില്ല. 14-ാം ഓവർ എറിയാനെത്തിയ ട്രാവിസ് ഹെഡിനെ ക്യാപ്റ്റൻ ശ്രേയസ് അയ്യർ 6,4,6,6 എന്ന രീതിയിൽ അടിച്ചകറ്റി. ഇതോടെ കൊൽക്കത്ത രാജകീയമായി തന്നെ ഫൈനലിലേക്ക്. ഇതിനിടെ അയ്യർ അർധ സെഞ്ചുറിയും പൂർത്തിയാക്കി. 39 റൺസിനിടെ നാല് വിക്കറ്റുകൾ നഷ്ടപ്പെട്ട ഹൈദരാബാദിന് പിന്നീടൊരു ബാറ്റിങ് 'സ്ഫോടനം' സാധ്യമായില്ല. പവർപ്ലേയിൽ സൺറൈസേഴ്സ് നേടിയത് 45 റൺസ്. ഒരു വശത്ത് രാഹുൽ ത്രിപാഠി ക്ലാസ് ഇന്നിങ്സുമായി നിറഞ്ഞുനിന്നത് മാത്രമാണ് ഏക ആശ്വാസം. ഒരു സിക്സും ഏഴ് ഫോറുമാണ് ത്രിപാഠിയുടെ ബാറ്റിൽ പിറന്നത്. ഐ.പി.എലിലെ ത്രിപാഠിയുടെ 12-ാമത്തെ അർധ സെഞ്ചുറി.




14-ാം ഓവറിൽ സുനിൽ നരെയ്ന്റെ വരവ് കളി കൊൽക്കത്തയ്ക്ക് കൂടുതൽ അനുകൂലമാക്കി. ഓവറിലെ രണ്ടാം പന്തിൽ ത്രിപാഠി റണ്ണൗട്ടായി. പന്ത് നേരിട്ട അബ്ദുൽ സമദ് സിംഗിളിനായി ഓടിയെങ്കിലും പന്ത് കൈവശം കിട്ടിയ റസൽ ഉടൻതന്നെ വിക്കറ്റ് കീപ്പർ ഗുർബാസിന് എറിഞ്ഞുനൽകി. ഗുർബാസ് ഒരു പിഴവും വരുത്താതെ സ്റ്റമ്പ് ചെയ്തു. മൂന്നാം പന്തിൽ സൻവീർ സിങ് (0) ബൗൾഡുമായി. തൊട്ടടുത്ത ഹർഷിത് റാണയുടെ ഓവറിൽ സമദും (16) ചക്രവർത്തിയുടെ ഓവറിൽ ഭുവനേശ്വർ കുമാറും (0) പുറത്തായതോടെ ഹൈദരാബാദ് 126-ൽ ഒൻപത് എന്ന നിലയിൽ തകർന്നു. പത്താം വിക്കറ്റിൽ ക്യാപ്റ്റൻ പാറ്റ് കമിൻസും വിയാസ്കാന്തും ചേർന്നാണ് പിന്നീട് ടീമിനെ ഭേദപ്പെട്ട സ്കോറിലെത്തിച്ചത്. ഇരുവരും ചേർന്ന് 21 പന്തിൽ 33 റൺസ് നേടി. റസലിന്റെ അവസാന ഓവറിലെ മൂന്നാം പന്തിൽ കമിൻസ് (24 പന്തിൽ 30) പുറത്താവുകയായിരുന്നു.ഇതിനിടെ അഞ്ചാം വിക്കറ്റിൽ ഹെന്റിച്ച് ക്ലാസനും ത്രിപാഠിയും ചേർന്ന് 36 പന്തിൽ 62 റൺസിന്റെ കൂട്ടുകെട്ട് പടുത്തുയർത്തിയിരുന്നു. ഇതോടെയാണ് തുടക്കത്തിലെ തകർച്ചയിൽനിന്ന് ടീം ഒരുവിധം കരകയറിയത്. 11-ാം ഓവറിൽ ക്ലാസനെ പുറത്താക്കി വരുൺ ചക്രവർത്തിയാണ് ഈ കൂട്ടുകെട്ട് പൊളിച്ചത്. 21 പന്തിൽ 32 റൺസാണ് ക്ലാസന്റെ സമ്പാദ്യം.

# യുവത്വത്തിനൊപ്പം പരിചയ സമ്പത്തും; യൂറോ പിടിക്കാൻ ക്രിസ്റ്റ്യാനോയും സംഘവും റെഡി

ലിസ്ബൺ: യൂറോ കപ്പിനുള്ള പോർച്ചുഗീസ് സ്ക്വാർഡിനെ പ്രഖ്യാപിച്ചു. സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ നയിക്കുന്ന സംഘത്തിൽ 41 കാരൻ പ്രതിരോധ താരം പെപ്പെയേയും ഉൾപ്പെടുത്തി. ബ്രൂണോ ഫെർണാണ്ടസ്, ബെർണാഡോ സിൽവ, റൂബൻ ഡയസ്, ജോ ഫെലിക്സ് ഉൾപ്പെടെ പ്രധാന താരങ്ങളെല്ലാം പരിശീലകൻ റോബെർട്ടോ മാർട്ടിനസ് പ്രഖ്യാപിച്ച 26 അംഗ സ്ക്വാർഡിൽ ഇടംപിടിച്ചു. ജൂണിൽ ജർമനിയിലാണ് യൂറോ പോരാട്ടം നടക്കുക.



റൊണാൾഡോയുടെ ആറാം യൂറോ കപ്പ് ടൂർണമെന്റാണ് ഇത്തവണത്തേത്. കഴിഞ്ഞ ലോകകപ്പിലുണ്ടായ നിരാശ മറികടക്കാനാവും റൊണാൾഡോയും സംഘവും ശ്രമിക്കുക. കഴിഞ്ഞ തവണ ഇംഗ്ലണ്ടിനെ തോൽപ്പിച്ച് ഇറ്റലിയായാണ് വൻകരയുടെ ചാമ്പ്യൻമാരായത്. 2016ൽ ഫ്രാൻസിനെ തോൽപിച്ച് പോർച്ചുഗൽ കിരീടത്തിൽ മുത്തമിട്ടിരുന്നു.ഗോൾ കീപ്പർമാർ: റൂയി പട്രീസിയോ, ഡിയാഗോ കോസ്റ്റ, ജോസ് സാ

പ്രതിരോധം: അന്റോണിയോ സിൽവ (എസ്എൽ ബെൻഫിക്ക), ഡാനിലോ പെരേര (പി.എസ്.ജി), ഡിയോഗോ ഡലോട്ട് (മാഞ്ചസ്റ്റർ യുണൈറ്റഡ്), ഗോൺസലോ ഇനാസിയോ (സ്പോർട്ടിംഗ് സിപി), ജോവോ കാൻസലോ (എഫ്സി ബാഴ്സലോണ), നെൽസൺ സെമെഡോ (വോൾവർഹാംപ്ടൺ വാണ്ടറേഴ്സ്), ന്യൂനോ മെൻഡസ് (പിഎസ്ജി), പെപെ(എഫ്.സി പോർട്ടോ), റൂബൻ ഡയസ് (മാഞ്ചസ്റ്റർ സിറ്റി)

മധ്യനിര: ബ്രൂണോ ഫെർണാണ്ടസ് (മാഞ്ചസ്റ്റർ യുണൈറ്റഡ്), ജോവോ നെവെസ് (എസ്എൽ ബെൻഫിക്ക), ജോവോ പാൽഹിൻഹ (ഫുൾഹാം എഫ്സി), ഒട്ടാവിയോ മൊണ്ടെറോ (അൽ നാസർ), റൂബെൻ നെവെസ് (അൽ-ഹിലാൽ), വിറ്റിൻഹ (പിഎസ്ജി)

മുന്നേറ്റനിര: ബെർണാഡോ സിൽവ (മാഞ്ചസ്റ്റർ സിറ്റി), ക്രിസ്റ്റ്യാനോ റൊണാൾഡോ (അൽ നസർ), ഡിയോഗോ ജോട്ട (ലിവർപൂൾ എഫ്സി), ഫ്രാൻസിസ്കോ കോൺസെയോ (എഫ്സി പോർട്ടോ), ഗോൺസലോ റാമോസ് (പിഎസ്ജി), ജോവോ ഫെലിക്സ് (എഫ്സി ബാഴ്സലോണ), പെഡ്രോ നെറ്റോ (വണ്ടേഴ്സ്), പെഡ്രോ നെറ്റോ (വണ്ടേഴ്സ്), റാഫേൽ ലിയോ (എസി മിലാൻ).

# 'ഇംഗ്ലണ്ടിനായി കളിക്കുക എന്നതിനാണ് മുൻഗണന– ബട്‌ലർ

ഐപിഎൽ അല്ല രാജ്യത്തിനായി കളിക്കുന്നതിനാണ് താൻ മുൻഗണന നൽകുന്നത് എന്ന് ജോസ് ബട്‌ലർ. ഐ പി എൽ അവസാന ഘട്ടം ബാക്കിയിരിക്കെ ഇംഗ്ലണ്ട് അവരുടെ താരങ്ങളെ തിരികെ വിളിച്ചത് ശരിയായ തീരുമാനം ആണെന്ന് ഇംഗ്ലണ്ടിന്റെ ക്യാപ്റ്റൻ കൂടിയായ ബട്‌ലർ പറഞ്ഞു.'ഒരു ഇംഗ്ലണ്ട് ക്യാപ്റ്റനെന്ന നിലയിൽ, ഇംഗ്ലണ്ടിനായി കളിക്കുക എന്നതാണ് എന്റെ പ്രധാന മുൻഗണന," ബട്‌ലർ മാധ്യമപ്രവർത്തകരോട് പറഞ്ഞു."ഐപിഎല്ലിന്റെ ഫിക്സ്ചർ ഒരു അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയുമായി കൂട്ടിമുട്ടരുത്. ഫിക്സ്ചർ അതുപോലെ ഒരുക്കണം. എന്റെ വ്യക്തിപരമായ അഭിപ്രായം അതാണ്. ഈ മത്സരങ്ങൾ വളരെക്കാലം മുമ്പെ ഉള്ളതാണ്. തീർച്ചയായും, ഒരു ലോകകപ്പ് അടുത്തിരിക്കെ രാജ്യത്തിന് തന്നെയാണ് നിങ്ങളുടെ ഒന്നാം നമ്പർ മുൻഗണന. ഇംഗ്ലണ്ടിനായി കളിക്കുന്നതും ഇംഗ്ലണ്ടിനായി നല്ല പ്രകടനം നടത്തുന്നതും ആണ് ഇപ്പോഴുള്ള ലക്ഷ്യം"അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇനിയില്ല ക്രൂസ് മാജിക്; വിരമിക്കൽ പ്രഖ്യാപിച്ച് ടോണി ക്രൂസ്

മാഡ്രിഡ്: ദേശീയ,ക്ലബ് ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ജർമൻ മധ്യനിര താരം ടോണി ക്രൂസ്. ഇൻസ്റ്റഗ്രാം വഴിയാണ് 34 കാരൻ കളിമതിയാക്കുന്നതായി അറിയിച്ചത്. അടുത്ത മാസം ജർമനി ആതിഥേയത്വം വഹിക്കുന്ന യൂറോ കപ്പായിരിക്കും ദേശീയ കുപ്പായത്തിലെ അവസാന മത്സരം. ചാമ്പ്യൻസ് ലീഗ് ഫൈനലായിരിക്കും റയൽ മാഡ്രിഡിനൊപ്പമുള്ള അവസാന മാച്ച്. നേരത്തെ ജർമൻ ടീമിൽ നിന്ന് വിരമിച്ച താരത്തെ പരിശീലകൻ ജൂലിയൻ നെഗ്ലസ്മാന്റെ താൽപര്യപ്രകാരം യൂറോ സംഘത്തിലേക്ക് മടക്കികൊണ്ടുവരികയായിരുന്നു.




അതേസമയം, റയൽ മാഡ്രിഡിനൊപ്പം വർഷങ്ങളായി തുടരുന്ന ക്രൂസ് ചാമ്പ്യൻസ് ലീഗടക്കം പ്രധാന കിരീടങ്ങളെല്ലാം ക്ലബിനൊപ്പം സ്വന്തമാക്കി. മധ്യനിരയിൽ മോഡ്രിച്-ക്രൂസ് കൂട്ടുകെട്ട് സ്പാനിഷ് ക്ലബിന്റെ കരുത്തായിരുന്നു. ലോക ഫുട്ബോളിലെതന്നെ ഏറ്റവും മികച്ച മധ്യനിരതാരമായാണ് ജർമൻ താരത്തെ വിശേഷിപ്പിക്കുന്നത്.

വിരമിക്കൽ കുറിപ്പിൽ വികാരഭരിതമായാണ് താരം പ്രതികരിച്ചത്. തുറന്ന ഹൃദയത്തോടെ സ്വാഗതം ചെയ്യുകയും വിശ്വാസമർപ്പിക്കുകയും ചെയ്ത റയലിനോടുള്ള നന്ദിയും കടപ്പാടും കുറിപ്പിൽ വ്യക്തമാക്കി. റയൽ മാഡ്രിഡാണ് എന്റെ അവസാന ക്ലബ്ബ്. കരിയറിലെ മികച്ച ഫോമിൽ നിൽക്കുമ്പോൾ കളി നിർത്തണമെന്നതാണ് ആഗ്രഹം. ഇതാണ് ശരിയായ സമയമെന്ന് കരുതുന്നു-ക്രൂസ് ഇൻസ്റ്റയിൽ കുറിച്ചു. 2014ലാണ് താരം ബയേൺ മ്യൂണികിൽ നിന്ന് റയലിലേക്ക് ചുവട് മാറുന്നത്. റയലിനായി 305 മാച്ചിൽ 22 ഗോളുകൾ സ്കോർ ചെയ്തു.2010 മുതൽ ജർമൻ സീനിയർ ടീം അംഗമായ ക്രൂസ് 108 മത്സരത്തിലാണ് കളത്തിലിറങ്ങിയത്. 17 ഗോളുകളും നേടി.

# വൻ അട്ടിമറി അമേരിക്ക ടി20യിൽ ബംഗ്ലാദേശിനെ തോൽപ്പിച്ചു


ടി20 ലോകകപ്പിനു മുന്നോടിയായുള്ള പരമ്പരയിൽ അട്ടിമറി വിജയവുമായി ലോകകപ്പിലെ ആതിഥേയരായ അമേരിക്ക. ഇന്ന് നടന്ന ആദ്യ ടി20 മത്സരത്തിൽ ബംഗ്ലാദേശിനെ അമേരിക്ക തോൽപ്പിച്ചു.

അഞ്ചു വിക്കറ്റിന്റെ വിജയമാണ് അമേരിക്ക നേടിയത്. ഇന്ന് ആദ്യം ബാറ്റു ചെയ്ത ബംഗ്ലാദേശ് 20 ഓവറിൽ 153-6 എന്ന സ്കോർ ആയിരുന്നു ഉയർത്തിയത്.

ബംഗ്ലാദേശിനായി ബാറ്റ് കൊണ്ട് 57 റൺസ് എടുത്ത ഹ്രിദോയ് മാത്രമാണ് തിളങ്ങിയത്. മറുപടി ബാറ്റിംഗിന് ഇറങ്ങിയ അമേരിക്ക ഒരു ഘട്ടത്തിൽ 15 ഓവറിൽ 94-5 എന്ന നിലയിൽ ആയിരുന്നു.

അവിടെ നിന്ന് സി ജെ ആൻഡേഴ്സൺ, ഹർമീത് സിംഗ് എന്നിവർ ചേർന്നു പടുത്ത കൂട്ടുകെട്ട് അമേരിക്കയെ കരകയറ്റി.

20ആ ഓവറിലേക്ക് അവർ വിജയം പൂർത്തിയാക്കി. 34 റൺസ് എടുത്ത ആൻഡേഴ്സണും, 13 പന്തിൽ 33 റൺസ് എടുത്ത് ഹർമീത് സിംഗും ആണ് അമേരിക്കയെ ചരിത്ര വിജയത്തിലേക്ക് എത്തിച്ചത്.




# എല്ലാ ടി20 ലോകകപ്പുകളും കളിച്ച 2 പേർ! 'എവർ ഗ്രീൻ' രോഹിത്, ഷാകിബ്

ന്യൂയോർക്ക്: 2007ൽ പ്രഥമ ടി20 ലോകകപ്പ് ഐസിസി ആരംഭിക്കുമ്പോൾ തങ്ങളുടെ ടീമുകളിൽ യുവ താരങ്ങളായിരുന്നു ഇരുവരും. ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമയും ബംഗ്ലാദേശ് മുൻ നായകൻ ഷാകിബ് അൽഹസനും തങ്ങളുടെ ഒൻപതാം ടി20 ലോകകപ്പിനാണ് ഒരുങ്ങുന്നത്. ക്രിക്കറ്റ് ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടമാണ് ഇരുവരും ഇത്തവണ സ്വന്തമാക്കുന്നത്.

2007ലെ പ്രഥമ ലോകകപ്പ് മുതൽ എല്ലാ ടി20 ലോകകപ്പും കളിച്ച രണ്ടേ രണ്ട് താരങ്ങളാണ് ഇരുവരും. മറ്റൊരു താരത്തിനും അവകാശപ്പെടാനില്ലത്ത അപൂർവ ഭാഗ്യം. പുതു താരങ്ങളിലേക്ക് കളി അറിവുകൾ പകർന്നു ഇരുവരും എവർ ഗ്രീൻ വല്ല്യേട്ടൻമാരായി ടീമിൽ നിൽക്കുന്നു. 2007 ലോകകപ്പിൽ ഇരുവരുടേയും തുടക്കവും ഗംഭീരമായിരുന്നു. അന്ന് രോഹിത് ശർമ ആദ്യ കളിയിൽ തന്നെ ഫിഫ്റ്റി കുറിച്ചു. ഇതാണ് താരത്തിന്റെ കന്നി ടി20 ഫിഫ്റ്റിയും. ദക്ഷിണാഫ്രിക്കക്കെതിരെ 40 പന്തിൽ 50 റൺസ് രോഹിത് കണ്ടെത്തി.ഷാകിബിന്റെ ലോകകപ്പിലെ ആദ്യ പോരാട്ടം വെസ്റ്റ് ഇൻഡീസിനെതിരെയായിരുന്നു. വിൻഡീസിനെ ബംഗ്ലാദേശ് അട്ടിമറിച്ചപ്പോൾ അന്ന് പന്ത് കൊണ്ടാണ് തന്റെ മികവ് ഷാകിബ് അടയാളപ്പെടുത്തിയത്. 34 റൺസ് വഴങ്ങി ഷാകിബ് അന്ന് നാല് വിക്കറ്റുകൾ വീഴ്ത്തി.




ഇന്ത്യയാണ് പ്രഥമ ടി20 ലോകകപ്പ് ചാമ്പ്യൻമാർ. അന്ന് ഫൈനലിലും രോഹിത് നിർണായക ബാറ്റിങ്ങുമായി കിരീട നേട്ടം അവിസ്മരണീയമാക്കി. ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 111 റൺസെന്ന നിലയിൽ നിൽക്കെ 16 പന്തിൽ 30 റൺസ് വാരി ടീം ടോട്ടൽ 157ൽ എത്തിക്കാൻ രോഹിതിനായി. താരത്തിന്റെ ഈ 30 റൺസാണ് അന്ന് ഫൈനലിൽ നിർണായകമായത്.ബംഗ്ലാദേശിന്റെ കന്നി ലോകകപ്പിലെ യാത്ര അധികം നീണ്ടില്ല. എങ്കിലും ഷാകിബ് ടൂർണമെന്റിൽ ആകെ ആറ് വിക്കറ്റുകൾ സ്വന്തമാക്കി. 2009ലെ ലോകകപ്പിൽ ബംഗ്ലാദേശിനെതിരെ രോഹിത് 23 പന്തിൽ 36 റൺസുമായി മികവിൽ നിൽക്കെയാണ് പുറത്തായത്. അന്ന് വിക്കറ്റ് വീഴ്ത്തിയത് ഷാകിബായിരുന്നു.2010ലെ ലോകകപ്പിലാണ് രോഹിതിന്റെ മികച്ച ഇന്നിങ്സിൽ ഒന്നു കണ്ടത്. അന്ന് ഓസ്ട്രേലിയക്കെതിരെ താരം 46 പന്തിൽ 79 റൺസടിച്ചു. ഈ അധ്യായത്തിൽ തന്നെയാണ് ടി20യിലെ ഷാകിബിന്റെ മികച്ച ഇന്നിങ്സും പിറന്നത്. പാകിസ്ഥാനെതിരെ താരം 54 പന്തിൽ 84 റൺസ് വാരി.

2014 എഡിഷനിൽ രോഹിത് കത്തിക്കയറി. ടൂർണമെന്റിലെ ഇന്ത്യയുടെ രണ്ടാമത്തെ റൺ സ്കോറർ രോഹിതായിരുന്നു. ഓൾറൗണ്ടറെന്ന നിലയിൽ ഷാകിബിനും ആ ടൂർണമെന്റ് അവിസ്മരണീയം. താരം 186 റൺസും എട്ട് വിക്കറ്റുകളും ടീമിനായി സ്വന്തമാക്കി.

2016ലെ അധ്യായത്തിലും ഷാകിബ് ബൗളിങിൽ തിളങ്ങി. ഏഴ് കളിയിൽ നിന്നു 10 വിക്കറ്റുകൾ താരം വീഴ്ത്തി. 2021ലാണ് താരത്തിന്റെ ഏറ്റവും മികച്ച ബൗളിങ് കണ്ടത്. ടൂർണമെന്റിൽ താരം 11 വിക്കറ്റുകൾ വീഴ്ത്തി.2022ലെ ലോകകപ്പിലാണ് ആദ്യമായി രോഹിത് ശർമ ഇന്ത്യയെ നയിച്ചത്.

ബാറ്റിങിൽ കാര്യമായ സംഭാവന താരത്തിനില്ല. ആറ് കളിയിൽ ഒർ അർധ സെഞ്ചറി മാത്രം. നായകനെന്ന നിലയിൽ ടീമിനെ സെമി വരെ എത്തിക്കാൻ ഹിറ്റ്മാനു സാധിച്ചു.2022ൽ ഷാകിബിനും കാര്യമായ ചലനങ്ങളൊന്നും ഉണ്ടാക്കാനായില്ല. ആറ് വിക്കറ്റുകളാണ് താരം ടൂർണമെന്റിൽ സ്വന്തമാക്കിയത്.

# അബ്ദുള്ള മാളിയേക്കൽ ഇന്റർ നാഷണൽ കൈറ്റ് ഫെഡറേഷൻ എക്സിക്യൂട്ടീവംഗം

കോഴിക്കോട്: ഇന്റർനാഷണൽ കൈറ്റ് സംസ്ഥാന ഫെഡറേഷൻ എക്സിക്യൂട്ടീവംഗമായി ഇന്ത്യയെ പ്രതിനിധീകരിച്ച് വൺ ഇന്ത്യ കൈറ്റ് ടീം ക്യാപ്റ്റനും, ഫൗണ്ടറുമായ അബ്ദുള്ള മാളിയേക്കലിനെ തിരഞ്ഞെടുത്തതായി ഇന്റർ നാഷണൽ പ്രസിഡണ്ട് സുലൈക്ക് പത്രക്കുറിപ്പിൽ അറിയിച്ചു. 193 രാജ്യങ്ങളിൽ കൈറ്റിന്റെ (പട്ടം പറത്തൽ) പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും, ഏകോപിപ്പിക്കുകയും അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന സംഘടനയാണ് ഇന്റർ നാഷണൽ കൈറ്റ് ഫെഡറേഷൻ. 33 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നത്.



ലോകത്ത് 42 വർഷമായി കൈറ്റ് ചാമ്പ്യൻഷിപ്പ് നടത്തുന്നത് ഈ സംഘടനയാണ്. ചൈനയിലെ വൈഫാങ്ങാണ് സംഘടനയുടെ ആസ്ഥാനം. കഴിഞ്ഞ 20 വർഷത്തോളമായി കൈറ്റിന്റെ ട്രെയിനിംങിലും, ഗവേഷണത്തിലും, മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലും സജീവ സാന്നിധ്യമാണ് അബ്ദുള്ള മാളിയേക്കൽ. രാജ്യത്ത് ഗുജറാത്ത്, തെലുങ്കാന, കർണ്ണാടക, കൽക്കത്ത എന്നിവിടങ്ങളിൽ നടക്കുന്ന കൈറ്റ് മത്സരങ്ങളുടെ മുഖ്യ സംഘാടകനുമാണ്.

യു.എസ്.എ, ജർമ്മനി, ഫ്രാൻസ്, മലേഷ്യ, ഓസ്ട്രേലിയ, കൊളമ്പിയ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് അബ്ദുള്ള മാളിയേക്കലിനെ തിരഞ്ഞെടുത്തത്. വിവിധ രാജ്യങ്ങളിലെ ടൂറിസം മന്ത്രാലയവുമായി സഹകരിച്ച് പ്രവർത്തിക്കാനാണ് ഭാവി പദ്ധതിയെന്ന് അബ്ദുള്ള മാളിയേക്കൽ പീപ്പിൾസ്റിവ്യൂവിനോട് പറഞ്ഞു. കോഴിക്കോട് കുറ്റിച്ചിറ സ്വദേശിയാണ് അബ്ദുള്ള മാളിയേക്കൽ.

RNI No. 35157/10, Publisher: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.